ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2023 മാർച്ച് ₹ 12 പുസ്തകം 9 ലക്കം 8



'ഇനി കാണൂ വലിയ സ്വപ്നങ്ങൾ'
അഭിജിത് ബാനർജി



## ഭരണത്തിൽ സുതാര്യത ഫയലുകളിൽ വേഗം

### കേരളം ഇ-ഗവേണൻസിലും ഡിജിറ്റൽ സാക്ഷരതയിലും മുന്നോട്ട്

- പുല്ലമ്പാറയിലെ ഡിജിറ്റൽ വിപ്ലവം
- ഗോത്രജനതയ്ക്ക് ഇ-രേഖകൾ
- ഐ.ടി.@ കൃഷി

www.facebook.com/samakalikajanapadham/

കേരളം സുരക്ഷിതം \ കേരളം അഭിമാനം

നല്ല നാടിന്റെ നന്മകൾ കാണാൻ


സമകാലിക

# ജനപഥം

# KERALA CALLING

**പ്രത്യേക വരിസംഖ്യാ ക്യാംപെയ്ൻ**

സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ സമകാലിക ജനപഥത്തിന്റെയും കേരള കോളിങ്ങിന്റെയും ***വാർഷിക വരിക്കാരാവാൻ*** ഇപ്പോൾ ***സുവർണാവസരം...***




വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്

ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...

0471-2517036
iocirculation@gmail.com

• കൂടാതെ www.etreasury.kerala.gov.in
എന്ന വെബ്സൈറ്റിലൂടെയും പണമടയ്ക്കാം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**ടി. വി സുഭാഷ് ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**ഹേമന്ത് കുമാർ. എൽ**
അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ
**ആരതി കെ.ആർ.**
സർക്കുലേഷൻ ഓഫീസർ
**എൻ. സതീഷ് കുമാർ**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

March 1, 2023, Volume 9, Issue 8
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

**എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം - 695001**
prdmalayalam@gmail.com
0471 2518171

**വരിക്കാരാകാൻ**
**120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,
1-ാം നില, സെക്രട്ടേറിയറ്റ് അനക്സ്-1,
തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.**

0471 2517036
iocirculation@gmail.com

**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**

സമകാലിക
ജനപഥം

2023 മാർച്ച് 1
പുസ്തകം 9 ലക്കം 8

# ഇ-ഭരണം സദ്ഭരണത്തിന്



ചുവപ്പുനാട എന്ന വാക്ക് സർക്കാർ ഭരണസംവിധാനത്തെക്കുറിച്ച് നിരവധിവർഷങ്ങളായി നിരന്തരം ഉയരുന്ന വിമർശനങ്ങളിൽ നാം കേട്ടുകൊണ്ടിരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ജനതയുടെ ജീവിതത്തുടിപ്പുകൾ അറിയാത്ത നിർവികാരമായ അധികാരശ്രേണിയായി ഉദ്യോഗസ്ഥ സംവിധാനം വീക്ഷിക്കപ്പെട്ടുപോന്നു. ജനങ്ങളിൽനിന്ന് അകലുന്ന രീതിയിലുള്ള ഈ സമീപനത്തോടുള്ള വിമർശനങ്ങളെ കുറെയൊക്കെ ശരിവയ്ക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥസമൂഹത്തിലുണ്ടായിട്ടുമുണ്ട്. അതിനാലാണ് ഓരോ ഫയലും ഓരോ ജീവിതമാണെന്ന് നമ്മുടെ മുഖ്യമന്ത്രിതന്നെ ഓർമ്മിപ്പിച്ചത്. പൊതുജനങ്ങളോടുള്ള കടമ നിർവഹിക്കാനുള്ള അവസരമായി സർക്കാർ ജോലിയെ കണക്കാക്കണമെന്ന് 1959-ൽ ആദ്യമുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടും ആവശ്യപ്പെടുന്നുണ്ട്.

സർക്കാർ സേവനങ്ങളെ കൂടുതൽ ജനങ്ങളോട് അടുപ്പിക്കുന്നതിനും ഭരണത്തിൽ കൂടുതൽ സുതാര്യതയും വേഗവും അഴിമതിരാഹിത്യവും ഉറപ്പാക്കുന്നതിനുമുള്ള മികച്ച ഉപാധിയായാണ് ഇ-ഗവേണൻസ് വിഭാവനം ചെയ്തിരിക്കുന്നത്. ഇ-ഭരണത്തെ കൂടുതൽ ഊർജസ്വലമാക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടുവരുന്നത്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഇ-സേവനം പോർട്ടലും എ-സേവനം മൊബൈൽ ആപ്ലിക്കേഷനും പഞ്ചായത്തുതലത്തിലെ ഐഎൽജിഎംഎസും വ്യവസായവകുപ്പിൽ ലൈസൻസിങ് പ്രക്രിയ ഓൺലൈനാക്കിയതും പോലുള്ള അനവധി തിളക്കമുള്ള ഉദാഹരണങ്ങൾ എടുത്തുപറയാനുണ്ട്. ഒപ്പം എല്ലാവർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുകയാണ്. ഈ മേഖലയിലെ മികവിന്റെ സാക്ഷ്യമാണ് തിരുവനന്തപുരം ജില്ലയിലെ ഡിജി പുല്ലമ്പാറ പദ്ധതി. ഇങ്ങനെ ഇ-ഗവേണൻസിന്റെ രംഗത്ത് കേരളത്തിൽ നടക്കുന്ന ശ്രദ്ധേയമായ മാറ്റങ്ങളും സംരംഭങ്ങളുമാണ് ഈ ലക്കം സമകാലിക ജനപഥം ചർച്ച ചെയ്യുന്നത്.

**ടി. വി സുഭാഷ് ഐ.എ.എസ്.**
എഡിറ്റർ






കവർചിത്രം: ഡിജി പുല്ലമ്പാറ പദ്ധതിയിലൂടെ ഡിജിറ്റൽ സാക്ഷരത നേടിയ സരസു

അസീം മുഹമ്മദ്


**06** ജനോന്മുഖവികസനത്തിന് ഇ-ഗവേണൻസ്
പിണറായി വിജയൻ
മുഖ്യമന്ത്രി

**08** സാധ്യമാകുന്ന ഇ - റവന്യൂ വകുപ്പ്
കെ. രാജൻ

**10** ഇ-ഗവേണൻസിലൂടെ കേരളം മുന്നോട്ട്
ഡോ. വി.പി. ജോയ് ഐ.എ.എസ്

**17** സ്വർണ്ണത്തിളക്കത്തിൽ

**18** ഡിജിറ്റൽ സമത്വത്തിനായി സർക്കാർ
ആരതി കെ. ആർ

**20** എല്ലാം ഡിജിറ്റൽ സുതാര്യം
സുനിൽ കുമാർ ടി. കെ

**22** മാറ്റം തിരിച്ചറിഞ്ഞ് ജനങ്ങൾ
സജിനി മംഗലമ്പിൽ

**14** പുല്ലമ്പാറയുടെ ഡിജിറ്റൽ വിപ്ലവം
സുനീഷ് ജോ

**24** ഗോത്രജനതയ്ക്ക് ഇ-രേഖകൾ
രമേഷ്കുമാർ വെള്ളമുണ്ട








**26** **ഐടി ഭൂപടത്തിൽ മലബാറും**
മാധവിക്കുട്ടി എം.എസ് ഐ.എ.എസ്

**28** **ഇൻഫോപാർക്ക് ഉയർച്ചയും പടർച്ചയും**
സുശാന്ത് കുറന്തിൽ

**30** **എന്നും ഒന്നാമത്**
സഞ്ജീവ് നായർ

**32** **കേരളത്തെ കോർത്തിണക്കാൻ**
ഡോ. സന്തോഷ് ബാബു ഐ.എ.എസ്

**34** **സംരംഭകർ സന്തുഷ്ടരാണ്**
എസ്. എൻ. രഘുചന്ദ്രൻ നായർ

**36** **ഒന്നുതൊട്ടാൽ കൈയിലെത്തും സേവനം**

**38** **വിളിപ്പുറത്തുണ്ട് പോലീസ്**
വി. പി. പ്രമോദ് കുമാർ

**40** **സ്ത്രീസുരക്ഷയ്ക്ക് സർവസജ്ജം**
രമ്യാരാജൻ

**42** **ഐ.ടി@കൃഷി**
എസ്. എസ്. നാഗേഷ്

**44** **കൃഷിസംരംഭകർക്ക് ഒരു ക്ലിനിക്**
അപർണ. ബി

**46** **ഇനി കാണൂ വലിയ സ്വപ്നങ്ങൾ**
അഭിജിത് ബാനർജി

**48** **കരിക്കട്ടയിൽ തെളിഞ്ഞ മഹാരാജ്യം**
ജി. ഹസ്താമലകൻ



# ജനോന്മുഖവികസനത്തിന് ഇ-ഗവേണൻസ്

**പിണറായി വിജയൻ**
മുഖ്യമന്ത്രി

സർക്കാർ സേവനങ്ങളിൽ സുതാര്യതയും വേഗവും അഴിമതിരാഹിത്യവും ഉറപ്പാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിജ്ഞാബദ്ധമായ നിലപാടിന്റെ ഭാഗമാണ് ഇ-ഗവേണൻസിന്റെ ശാക്തീകരണം. സേവനമേഖലയെ കൂടുതൽ ജനങ്ങളോട് അടുപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങളുടെ ഭാഗം കൂടിയാണിത്. സാങ്കേതികവിദ്യാമേഖലയിൽ ലോകത്തുണ്ടാകുന്ന വളർച്ചയ്ക്കനുസരിച്ച് സമസ്ത മേഖലകളിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ആ മാറ്റങ്ങൾക്കനുസൃതമായി പൊതുമേഖലയെയും സർക്കാർ സേവനങ്ങളെയും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇ-ഗവേണൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സർക്കാർ തയ്യാറായത്.

കേരളത്തിലെ സേവനമേഖലയെ കൂടുതൽ ജനോന്മുഖമാക്കുന്നതിനാണ് സാഹചര്യം ഒരുങ്ങിയത്. 868 സേവനങ്ങൾ ഒരു ഓൺലൈൻ പോർട്ടലിൽ ലഭ്യമാക്കിയത് സുപ്രധാന നേട്ടമാണ്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ പോർട്ടലിലൂടെ കഴിയും. പോർട്ടലിനു പുറമെ എം-സേവനം മൊബൈൽ അപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. ആപ്പിലൂടെ 668 സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്. വൈകാതെ കൂടുതൽ സേവനങ്ങൾ രണ്ടിന്റെയും ഭാഗമാക്കി മാറ്റും. ഇതുവഴി സർക്കാർ സേവനങ്ങൾ കൂടുതൽ സുതാര്യമായും വേഗത്തിലും അഴിമതിരഹിതമായും ലഭ്യമാക്കാനാകും.

ജില്ലാതലത്തിലുള്ള ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനായാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കുന്നത്. സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനവും നടപ്പാക്കി. 14 കളക്ടറേറ്റുകളിൽ 120 ലധികം സർക്കാർ സ്ഥാപനങ്ങളിൽ ഇ-ഓഫീസ് നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന 47 താലൂക്ക് ഓഫീസുകളിലും 408 വില്ലേജ് ഓഫീസുകളിലും 24 ആർ. ഡി. ഒ കളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാനാകുംവിധമുള്ള അടിസ്ഥാനസൗകര്യ വികസനവും അനിവാര്യമാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും ഇ-സേവനങ്ങൾ പ്രാപ്യമാകാൻ സാർവത്രികമായി ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായാണ് ബൃഹദ്പദ്ധതിയായ കെ-ഫോൺ ആവിഷ്കരിച്ചത്. എല്ലാ കുടുംബങ്ങൾക്കും കുറഞ്ഞ

ചെലവിലോ സൗജന്യമായോ ഹൈ-സ്പീഡ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ലഭ്യമാക്കുകയാണ് ലക്ഷ്യം.

മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പദ്ധതിയുടെ ഭാഗമാകും. ഇതിനോടകം പല സർക്കാർ ഓഫീസുകൾക്കും കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കെ-ഫോൺ പദ്ധതിക്കൊപ്പം തന്നെ പബ്ലിക് വൈ-ഫൈ സ്പോട്ടുകളും സ്ഥാപിക്കുകയാണ്. 2,023 സൗജന്യ പബ്ലിക് വൈ-ഫൈ സ്പോട്ടുകളാണ് നിലവിൽ കേരളത്തിലെ പൊതുഇടങ്ങളിൽ ലഭ്യമാക്കിയിട്ടുള്ളത്. 2,000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങി. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കിന്റെ ഭാഗമായി നാലായിരത്തിലധികം സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തു.

കേരളത്തിലെ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനത്തിനായാണ് കേരള സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ നിലവിൽ വന്നത്. വിശ്വസനീയവും അവലംബിക്കാവുന്നതുമായ ഭൂവിവരങ്ങൾ പരിസ്ഥിതി സംബന്ധിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് ഇതിലൂടെ ലഭ്യമാക്കാൻ കഴിയും.

പൊതുജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന വകുപ്പാണ് റവന്യൂ വകുപ്പ്. പൊതുവിൽ, ഭൂമി സംബന്ധിച്ച രേഖകൾക്കായാണ് ഏറ്റവുമധികം ആളുകൾ റവന്യൂ വകുപ്പിനെ സമീപിക്കാറുള്ളത്. ഭൂരേഖകൾ കൂടുതൽ കൃത്യതയോടെ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ ഉതകുന്നവിധമുള്ള ഡിജിറ്റൽ സർവെയ്ക്ക് തുടക്കം കുറിച്ചു കഴിഞ്ഞു.

സർക്കാരിന്റെ സമീപനത്തിലും അടിസ്ഥാനസൗകര്യങ്ങളിലും ഇത്തരം മാറ്റങ്ങളുണ്ടാകുമ്പോൾ ജീവനക്കാരുടെ സമീപനത്തിലും കാര്യമായ മാറ്റമുണ്ടാകേണ്ടതുണ്ട്. സർക്കാർ സർവീസ് പൊതുജനങ്ങൾക്കു സേവനം നൽകാനുള്ള ഉപാധിയാണ് എന്ന നിലയിലേക്കുള്ള മാറ്റമാണ് വേണ്ടത്. അതിനു സഹായകമാകുന്ന വിവിധ പരിശീലന പരിപാടികൾ സർക്കാർ നടപ്പാക്കിവരികയാണ്. അവയോട് മികച്ച രീതിയിൽ പ്രതികരിക്കുകയും അവയിൽ നിന്ന് ഊർജം ഉൾക്കൊണ്ട് മുന്നേറ്റം കൈവരിക്കുകയും ചെയ്യുന്ന ഒട്ടേറെ ഓഫീസുകളും വകുപ്പുകളുമുണ്ട്. എല്ലാ ഓഫീസുകളും വകുപ്പുകളും ആ നിലയിലേക്കു വളർന്ന് പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകാൻ കഴിയണം.

**ഇ-സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാലഹരണപ്പെട്ട ചട്ടങ്ങൾ പരിഷ്ക്കരിക്കേണ്ടതുണ്ട്**

ഇ-സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാലഹരണപ്പെട്ട ചട്ടങ്ങൾ പരിഷ്ക്കരിക്കേണ്ടതുണ്ട്. അവ ഏതെല്ലാമാണെന്ന് വേഗത്തിൽ തിരിച്ചറിയാനാകുക ഉദ്യോഗസ്ഥർക്കാണ്. അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. ഇ-ഗവേണൻസ് സംവിധാനങ്ങളെ ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഇല്ലാതാക്കാൻ കഴിയുന്ന ഇടപെടലുകളാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് പ്രതീക്ഷിക്കുന്നത്.

വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്ക് എത്തിച്ചും അർഹരായ എല്ലാവർക്കും ക്ഷേമപദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാക്കിയും ഒരു നവകേരളത്തിലേക്ക് ചുവടുവയ്ക്കാനാണ് സർക്കാർ പ്രയത്നിക്കുന്നത്. അതിൽ ഇ-ഗവേണൻസ് സംവിധാനങ്ങൾക്കു വലിയ പങ്കുവഹിക്കാനുണ്ട്. അതിനു കരുത്തുപകരുന്ന വിധത്തിൽ സാങ്കേതികവിദ്യയിലധിഷ്ഠിതമായ സർക്കാർ സംവിധാനങ്ങൾക്ക് മാനുഷികമുഖം നൽകാൻ എല്ലാ വകുപ്പുകൾക്കും ജീവനക്കാർക്കും കഴിയണം. ■




അജയ്, ഐപിആർഡി






**കെ. രാജൻ**
റവന്യൂ വകുപ്പ് മന്ത്രി

ഉദ്യോഗസ്ഥകേന്ദ്രീകൃതമായിരുന്ന റവന്യൂവകുപ്പിനെ ജനാധിപത്യവൽക്കരിക്കുക എന്ന ലക്ഷ്യമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഇതിന്റെ ഭാഗമായി ഡിജിറ്റൽവൽക്കരണത്തിന് ഊന്നൽ നൽകി, അടിമുടി നവീകരണത്തിന്റെ പാതയിലാണ് റവന്യൂവകുപ്പ്. വകുപ്പിനെ പൂർണ്ണമായും ഡിജിറ്റൽവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നവംബർ ഒന്നിനകം വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ എല്ലാ ഓഫീസുകളെയും ഓൺലൈനാക്കും. പ്രവർത്തനങ്ങളിൽ സുതാര്യതയും വേഗവും വർധിപ്പിച്ച് കുറഞ്ഞകാലത്തിനുള്ളിൽ എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന വിധത്തിൽ വകുപ്പിനെ സജ്ജമാക്കുകയാണ് ലക്ഷ്യം. ഇതിനായി വില്ലേജ് ഓഫീസുകളിലേക്കും താലൂക്ക് ഓഫീസുകളിലേക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

## ഇ-സാക്ഷരതയ്ക്ക് ഊന്നൽ

പൂർണ്ണമായും റവന്യൂസാക്ഷരത കൈവരിക്കുന്നതിനും വകുപ്പ് മുഖ്യപരിഗണന നൽകുന്നു. സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതുപോലെ ഒരുവർഷക്കാലത്തിനുള്ളിൽ റവന്യൂ വകുപ്പിന്റെ ഓൺലൈൻ പ്രവർത്തനങ്ങളുടെ സാക്ഷരത ഉറപ്പാക്കുകയാണ് ലക്ഷ്യം. വില്ലേജ് ഓഫീസുകളിൽ നിന്ന് 20 സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി നൽകുന്നത്. ഓൺലൈൻ അപേക്ഷ നൽകുന്നത് സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് അവബോധം നൽകുന്നതിന് നടപടി സ്വീകരിക്കും. സർവെ ഉദ്യോഗസ്ഥർ, വില്ലേജ്തല ജനകീയസമിതി അംഗങ്ങൾ, കോളേജ്, സ്കൂൾ വിദ്യാർഥികൾ എന്നിവരെയെല്ലാം പങ്കാളികളാക്കിയാണ് റവന്യൂ ഇ-സാക്ഷരത പരിപാടി നടപ്പാക്കുന്നത്. എല്ലാ വീടുകളിലും ഒരാൾക്കെങ്കിലും ഡിജിറ്റൽ ഉപകരണം ഉപയോഗിച്ച് അനിവാര്യമായ സർട്ടിഫിക്കറ്റുകൾക്ക്



## ഡിജിറ്റൽ ഭൂസർവെ- നേട്ടങ്ങൾ

- ഭൂമിസംബന്ധമായ വിവരങ്ങൾക്ക് കൃത്യതയും സുതാര്യതയും
- റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാകും.
- അപേക്ഷകൾ ഓൺലൈനായി കൊടുക്കുവാനും പരിഹരിക്കാനും സാധിക്കും.
- ഭൂമിസംബന്ധമായ സേവനങ്ങൾക്ക് പല ഓഫീസുകളിൽ കയറിയിറങ്ങേണ്ട.
- ഡിജിറ്റൽ ഭൂരേഖകൾ പ്രയോജനപ്പെടുത്തി വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാം.

അപേക്ഷിക്കാൻ കഴിയുന്നവിധത്തിൽ ജനങ്ങളെ പ്രാപ്തരാക്കാനാണ് ശ്രമം.

### ഡിജിറ്റൽ റീസർവെ

സംസ്ഥാനത്ത് 200 വില്ലേജുകളിൽ ഡിജിറ്റൽ റീസർവെ നടന്നുവരികയാണ്. ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റൽ സർവെ ചെയ്തിട്ടില്ലാത്ത 1550 വില്ലേജുകളിൽ നാലുവർഷം കൊണ്ട് സർവെ പൂർത്തീകരിക്കുകയാണ് ലക്ഷ്യം. ഐക്യകേരളരൂപീകരണചരിത്രത്തിൽ ആദ്യമായി കേരളം പൂർണ്ണമായും ഡിജിറ്റലായി അളന്നു തിട്ടപ്പെടുത്തുകയാണെന്നതാണ് സുപ്രധാനം. ഇതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 807 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

> ഐക്യകേരള രൂപീകരണ ചരിത്രത്തിൽ ആദ്യമായി കേരളം പൂർണ്ണമായും ഡിജിറ്റലായി അളന്നു തിട്ടപ്പെടുത്തുകയാണെന്നതാണ് സുപ്രധാനം

### നൂതന സാങ്കേതികവിദ്യ

ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നതിനു വേണ്ടി വകുപ്പിലെ ജീവനക്കാർക്കുപുറമെ സാങ്കേതിക പരിജ്ഞാനമുള്ള 1500 സർവെയർമാരെയും 3200 സഹായികളെയും താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ് .

നൂതന സർവെ സാങ്കേതിക വിദ്യകളായ Continuously Operating Reference Stations (CORS), Real Time Kinematic (RTK) Rover, Robotic ETS, Drone എന്നിവ ഉപയോഗിച്ചാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. സംസ്ഥാനത്ത് 28 COR സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തനവും അന്തിമഘട്ടത്തിലാണ്. ഈ കൺട്രോൾ സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന സിഗ്നലുകൾ ഉപയോഗിച്ച് RTK മെഷീനുകളുടെ സഹായത്തോടെ അതിവേഗവും കൃത്യവും സുതാര്യവുമായി ഡിജിറ്റൽ സർവെ പൂർത്തിയാക്കാൻ സാധിക്കും. പ്രായോഗികമാകുന്ന മേഖലകളിൽ ഡ്രോൺ സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

കേരളത്തിന്റെ സമ്പൂർണ്ണ കഡസ്ട്രൽ സർവെ സാധ്യമാക്കുന്നതോടൊപ്പം ടോപോഗ്രാഫിക്കൽ സർവേയും നടത്തുന്നുണ്ട്. ഇതിലൂടെ സംസ്ഥാനത്തിന്റെ എല്ലാ ഭൂപ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്നവിധത്തിൽ സ്വകാര്യഭൂമിയും സർക്കാർ ഭൂമിയും അളന്നു തിട്ടപ്പെടുത്താൻ പദ്ധതി ലക്ഷ്യംവയ്ക്കുന്നു. ഡിജിറ്റൽ സർവെ പൂർത്തിയാക്കി ഡിജിറ്റൽ ഭൂരേഖകൾ തയ്യാറാക്കുന്നതോടെ വിവിധ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി ഇവ നടപ്പാക്കുന്നതിനും സഹായകരമാകും. ■

## ഇ-ഗവേണൻസിലൂടെ

# കേരളം മുന്നോട്ട്

സർക്കാർസേവനങ്ങൾ പൊതുജനങ്ങൾക്ക് അനായാസേന ലഭ്യമാക്കുക ഡിജിറ്റൽ ഗവേണൻസിന്റെ പ്രധാനലക്ഷ്യങ്ങളിൽ ഒന്നാണ്



**ഡോ. വി.പി. ജോയ് ഐഎഎസ്**
ചീഫ് സെക്രട്ടറി



ലോകം പുരോഗമിക്കുന്നതിനനുസരിച്ച് കേരളസമൂഹവും പുരോഗമിക്കുകയാണ്. ആഗോളീകരിക്കപ്പെട്ട സമൂഹമെന്ന നിലയ്ക്ക് കേരളീയരുടെ പ്രതീക്ഷകളും അഭിലാഷങ്ങളും വളരെ വേഗം പരിവർത്തനപ്പെടുന്നു. ഈ മാറ്റം ഉൾക്കൊണ്ട്, സർക്കാർതലത്തിൽ ആവശ്യമായ പരിവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്.  അതിവേഗം മാറുന്ന ആഗോളവികസനസങ്കല്പങ്ങളോടൊപ്പം കേരളത്തിലും പുരോഗമനമുണ്ടാവണമെന്നത് ഇന്നത്തെ മാത്രമല്ല വരുംതലമുറകളുടെയും സുഗമവും സന്തുഷ്ടവുമായ ജീവിതത്തിന് അനിവാര്യമാണ്.

കേരളത്തിലെ ജീവിതസാഹചര്യവും വ്യവസായ സൗഹൃദാന്തരീക്ഷവും  മെച്ചപ്പെടുത്തുന്നതിനുള്ള നിരന്തരപരിശ്രമങ്ങൾ കേരളസർക്കാർ നടത്തിവരുന്നു. ആരോഗ്യമേഖലയുൾപ്പെടെ പലമേഖലകളിലും നമ്മൾ വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, ചില മേഖലകളിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. ഇതിനായി സമഗ്രമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഇതിൽ പരമപ്രധാനമായ ഒന്നാണ് ഡിജിറ്റൽ ഗവേണൻസ് വ്യാപിപ്പിക്കുക എന്നത്. വർഷങ്ങൾക്കുമുൻപ് സർക്കാർരീതികൾ വിഭാവനം ചെയ്ത സമയത്ത് ഇത്തരം ആധുനികസാങ്കേതികവിദ്യകൾ ഉണ്ടായിരുന്നില്ല, എന്നാൽ ഇന്ന് ലഭ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സർക്കാർ രീതികൾ മെച്ചപ്പെടുത്തുകയാണ് ഡിജിറ്റൽ ഗവേണൻസിലൂടെ ചെയ്യുന്നത്. കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ കൃത്യമായ ഉപയോഗം മറ്റിടങ്ങളിലെന്ന പോലെ സർക്കാർ തലത്തിലും സുഗമവും സുതാര്യവുമായ പ്രവർത്തനം നടപ്പിലാക്കാൻ സഹായകരമാകും. സർക്കാർസേവനങ്ങൾ പൊതുജനങ്ങൾക്ക് അനായാസേന ലഭ്യമാക്കുക ഡിജിറ്റൽ ഗവേണൻസിന്റെ പ്രധാനലക്ഷ്യങ്ങളിൽ ഒന്നാണ്.

അതുപോലെ പ്രധാനപ്പെട്ടതാണ് സർക്കാർ നടപടിക്രമങ്ങൾ മെച്ചപ്പെടുത്തി ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കേണ്ടത്. തീരുമാനങ്ങൾ എടുക്കുന്നതിനാവശ്യമായ ആധികാരികവിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുക, ജീവനക്കാർക്ക് സംതൃപ്തിയോടെ ജോലി ചെയ്യാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുക എന്നിവയും പ്രാധാന്യമർഹിക്കുന്നു. ഉദാഹരണത്തിന് കാലാകാലങ്ങളായി വിവരങ്ങൾ പുസ്തകത്തിൽ  ക്രോഡീകരിക്കുകയും സൂക്ഷിക്കുകയും ചെയ്തുവന്നു. വിവരശേഖരണത്തിനായി പലതലങ്ങളിൽ

അതിവേഗം മാറുന്ന ആഗോളവികസനസങ്കല്പങ്ങളോടൊപ്പം കേരളത്തിലും പുരോഗമനമുണ്ടാവണമെന്നത് ഇന്നത്തെ മാത്രമല്ല വരുംതലമുറകളുടെയും സുഗമവും സന്തുഷ്ടവുമായ ജീവിതത്തിന് അനിവാര്യമാണ്.



ഏകീകരണ- സ്ഥിരീകരണ പ്രക്രിയകൾ നടത്തേണ്ടത് ആവശ്യമായിരുന്നു. എന്നാൽ കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇന്നത് വളരെയധികം പ്രയോജനപ്രദമായി മാറിയിട്ടുണ്ട്.

കേരളസർക്കാർ നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പ്രക്രിയയിൽ പ്രധാനപ്പെട്ട ചിലതാണ് ഇ- ഓഫീസ് സംവിധാനം, സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ഡിജിറ്റൽ സർവേ, ആരോഗ്യമേഖലയിലെ ഇ-ഹെൽത്ത്, ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനമായ കെ-സ്വിഫ്റ്റ് , കേരള സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS), പൊതുമരാമത്ത് വകുപ്പിന്റെ സുഗമ വെബ്പോർട്ടൽ, പ്രൈസ് വെബ് പോർട്ടൽ, ധനകാര്യവകുപ്പിന്റെ സ്പാർക് വെബ് പോർട്ടൽ, ഇ സേവനം വെബ്പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയവ. ഇതോടൊപ്പം സർക്കാർ ഓൺലൈൻ ധനമിടപാടുകൾ വർധിപ്പിക്കാൻ പരിശ്രമിക്കുകയാണ്.

## ഇ- ഓഫീസും ഇ -സേവനവും

സംസ്ഥാനമൊട്ടാകെയുള്ള സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്ന ഇ- ഓഫീസ് സംവിധാനം 2022 മുതൽ നിലവിൽ വന്നു. ഇ - ഓഫീസ് സംവിധാനത്തിലൂടെ കേരളത്തിലുടനീളമുള്ള സർക്കാർ ഓഫീസുകൾ തമ്മിൽ തൽക്ഷണം ഫയൽ, കത്തിടപാടുകൾ തുടങ്ങിയവ നടത്താവുന്നതാണ്. ഉദാഹരണത്തിന് തിരുവനന്തപുരത്തെ ഒരു സർക്കാർ ഓഫീസിൽനിന്ന് കാസർഗോഡുള്ള സർക്കാർ ഓഫീസിലേക്ക് തൽക്ഷണം കത്തുകളും ഫയലുകളും അയക്കാൻ സാധിക്കും. മുൻപ് ദിവസങ്ങൾ വേണ്ടിവന്ന പ്രക്രിയയായിരുന്നു ഇത്. ഈ മാറ്റംതന്നെ സർക്കാരിന്റെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനും ദ്രുതഗതിയിൽ തീരുമാനങ്ങളെടുക്കാനും ഏറെ സഹായകരമാണ്.

> ഇ-സേവനം വെബ് പോർട്ടലിൽ 509 സേവനങ്ങൾക്ക് നിലവിൽ ഡാഷ്ബോർഡ് ഉണ്ട്. ഈ ഡാഷ്ബോർഡുകളുടെ സഹായത്തോടെ സംസ്ഥാനത്തൊട്ടാകെ ഉള്ള ഓഫീസുകളിലെ കാര്യക്ഷമത ഉന്നതോദ്യോഗസ്ഥർക്ക് പരിശോധിച്ച് ആവശ്യമായ തിരുത്തൽനടപടികൾ എടുക്കാൻ സാധിക്കും

ഡിജിറ്റൽ സേവനങ്ങളിലൂടെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിവിധവകുപ്പുകൾ നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ഇ-സേവനം എന്ന പോർട്ടൽ സർക്കാർ ആരംഭിച്ചു. ഈ പോർട്ടലിലൂടെ 884 സേവനങ്ങളാണ് ഇപ്പോൾ ലഭിക്കുന്നത്. കൂടാതെ എം. സേവനം എന്ന മൊബൈൽ ആപ്ലിക്കേഷനും സർക്കാർ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഇതിൽ 683 സേവനങ്ങൾ ലഭ്യമാണ്. കൂടാതെ എല്ലാ പ്രധാനപ്പെട്ട സേവനങ്ങൾക്കും ഡാഷ്ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്.

പണ്ട് വകുപ്പുമേധാവികൾക്ക് തങ്ങളുടെ അധീനതയിലുള്ള ഓഫീസുകളുടെ പ്രവർത്തനക്ഷമത നേരിട്ട് പരിശോധിക്കാൻ പരിമിതികൾ ഉണ്ടായിരുന്നു. ദിവസങ്ങൾ എടുത്ത് തയ്യാറാക്കിനൽകുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കിയാണ് പലപ്പോഴും ഇത് മനസ്സിലാക്കിയിരുന്നത്. എന്നാൽ ഇന്നത്തെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഇത് ഫലപ്രദമായി ചെയ്യാൻ സാധിക്കും. സർക്കാർസേവനങ്ങൾ കൃത്യമായി എല്ലാവർക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ഡിജിറ്റൽ സംവിധാനങ്ങളിലും തത്സമയ ഡാറ്റ നൽകുന്ന ഡാഷ്ബോർഡുകളും ഏർപ്പെടുത്തിവരികയാണ്. ഉദാഹരണത്തിന് ഇ-സേവനം വെബ് പോർട്ടലിൽ 509 സേവനങ്ങൾക്ക് നിലവിൽ ഡാഷ്ബോർഡ് ഉണ്ട്. ഈ ഡാഷ്ബോർഡുകളുടെ സഹായത്തോടെ സംസ്ഥാനത്തൊട്ടാകെയുള്ള ഓഫീസുകളിലെ കാര്യക്ഷമത വകുപ്പുമേധാവികൾക്കും ജില്ലാമേധാവികൾക്കും മറ്റ് ഉന്നതോദ്യോഗസ്ഥർക്കും പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ എടുക്കാൻ സാധിക്കും.

## ഡിജിറ്റൽ സർവെ

മറ്റൊരു പ്രധാനപ്പെട്ട ഡിജിറ്റൽ ഗവേണൻസ് ദൗത്യമാണ് ഭൂമിയുടെ ഡിജിറ്റൽ സർവെ. നിലവിൽ കേരളത്തിലൊട്ടാകെ നിരവധി ഭൂമിതർക്കങ്ങൾ പല കോടതികളിലും പോലീസ് സ്റ്റേഷനുകളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സർക്കാരിലുമായി പരിഗണനയിലുണ്ട്. ഇത്തരം ഭൂമിതർക്കങ്ങൾ തീർപ്പാക്കാൻ മിക്കവാറും വർഷങ്ങളെടുക്കുകയും സർക്കാരിന്റെ പരിശ്രമവും സമയവും നഷ്ടപ്പെടുകയും ചെയ്യുന്നു. ഭൂമിതർക്കങ്ങൾ കുറയ്ക്കാൻ സാധിച്ചാൽ, സർക്കാരിന്റെ സമയവും ശ്രദ്ധയും ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന കാര്യങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കും. ജി.പി.എസ് സംവിധാനമുള്ള യന്ത്രങ്ങൾ ഉപയോഗിച്ച് ഫീൽഡ് ലെവൽ സർവെ നടത്തുന്നതിനാൽ തെറ്റുകൾ കുറയ്ക്കാനും തർക്കങ്ങൾ ഒഴിവാക്കാനും ഡിജിറ്റൽ സർവെയിലൂടെ സാധിക്കും.

## ഇ-ഹെൽത്ത് പദ്ധതി

ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതി കേവലം ആശുപത്രിമാനേജ്മെന്റ് സംവിധാനം മാത്രമല്ല, കേരളത്തിലുടനീളമുള്ള കേന്ദ്രീകൃത സംയോജിത ആരോഗ്യപരിരക്ഷാ സംവിധാനമാണ്. ആരോഗ്യമേഖലയിൽ വലിയ മാറ്റമാണ് ഈ സംവിധാനം സൃഷ്ടിച്ചുവരുന്നത്. ഇ ഹെൽത്തിന്റെ ഒരു പ്രധാന സവിശേഷത



**ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതി കേവലം ആശുപത്രിമാനേജ്മെന്റ് സംവിധാനം മാത്രമല്ല, കേരളത്തിലുടനീളമുള്ള കേന്ദ്രീകൃത സംയോജിത ആരോഗ്യപരിരക്ഷാസംവിധാനമാണ്. ആരോഗ്യമേഖലയിൽ വലിയ മാറ്റമാണ് ഈ സംവിധാനം സൃഷ്ടിച്ചുവരുന്നത്**

'ഓരോ പൗരനും ആരോഗ്യ റെക്കോർഡ്' സൃഷ്ടിക്കാൻ സാധിക്കുമെന്നതാണ്. ആരോഗ്യസംരക്ഷണകേന്ദ്രങ്ങളിലുടനീളം ഈ ഏകീകൃത ആരോഗ്യറെക്കോർഡ് ലഭ്യമാക്കാനാകും. ഒരു രോഗിയുടെ സമഗ്രമായ ആരോഗ്യവിവരങ്ങൾ ഡോക്ടർമാർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ചികിത്സാതീരുമാനങ്ങൾ എടുക്കുമ്പോൾ പ്രധാനപ്പെട്ട വിവരങ്ങളൊന്നും നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനും ഈ സംവിധാനം സഹായിക്കുന്നു.

സംസ്ഥാനത്തെ വ്യവസായസ്ഥാപനങ്ങളിൽ പല വകുപ്പുകൾ പലവിധത്തിലുള്ള പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്താറുണ്ട്. ഇത്തരം പരിശോധനകളെല്ലാം ഒരുകുടക്കീഴിൽ കൊണ്ടു വരുന്ന സംവിധാനമാണ് കേരള - സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം. പരിശോധനകൾക്ക് കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരാൻ ഈ സംവിധാനത്തിലൂടെ സാധിക്കും. ഓരോ സ്ഥാപനങ്ങളുടെയും പരിശോധന ക്രമീകരിക്കുന്നത് ഓട്ടോമാറ്റിക് സംവിധാനത്തിലൂടെയാണ്. സ്ഥാപനങ്ങൾ, പരിശോധകർ, പരിശോധനകളുടെ ആവൃത്തി എന്നിവയും ഓട്ടോമാറ്റിക്കായാണ് തീരുമാനിക്കുന്നത്.

പലപ്പോഴും പല ആവശ്യങ്ങൾക്കായി വൈദ്യുതപോസ്റ്റുകളും, പൈപ്പ്ലൈനുകളും മാറ്റിസ്ഥാപിക്കേണ്ടതായും റോഡ് മുറിക്കേണ്ടതായും വരാറുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിലവിൽ വന്ന വെബ് പോർട്ടലാണ് 'സുഗമ'. പൊതുജനങ്ങൾ, സർക്കാർ വകുപ്പുകൾ, കരാറുകാർ തുടങ്ങി എല്ലാവർക്കും ഉപയോഗിക്കാനാവുന്ന തരത്തിലാണ് ഈ പോർട്ടൽ വിഭാവനം ചെയ്തിരിക്കുന്നത്. പോർട്ടൽ നിലവിൽ വന്നതിലൂടെ പൊതുമരാമത്ത് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ. ബി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

സർക്കാർ പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കാൻ വസ്തുതാവിശകലനം നടത്തേണ്ടതുണ്ട്. ഇപ്പോൾ ഇതിനായുള്ള വസ്തുതകൾ ഓൺലൈൻ ആയി ലഭിക്കുന്നതുകൊണ്ട് വിശകലനം വേഗത്തിലും ആവശ്യാനുസരണവും നടത്താൻ സാധിക്കും. ഇതിൽനിന്നും ലഭിക്കുന്ന നിർണ്ണായകമായ വിവരങ്ങൾ ഉപയോഗിച്ച് സർക്കാർ നയവും പ്രവർത്തനരീതിയും നിരന്തരമായി മെച്ചപ്പെടുത്തുന്നു.

ആഗോളീകരണത്തിന്റെ ഇക്കാലത്ത്, ഇത്തരം മെച്ചപ്പെടുത്തലുകൾ സമയാസമയം നടത്തേണ്ടത് അനിവാര്യമാണ്. അതിനാൽ കേരളസർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ ഗവേണൻസ് മാറ്റങ്ങൾ പൊതുജനങ്ങൾക്കും സംരംഭങ്ങൾക്കും സർക്കാർ ജീവനക്കാർക്കും കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനുള്ള ബോധവൽക്കരണ, പ്രചാരണപ്രവർത്തനങ്ങൾ പ്രാധാന്യമർഹിക്കുന്നു. ■



# പുല്ലമ്പാറയുടെ ഡിജിറ്റൽ വിപ്ലവം

അസിം മുഹമ്മദ്

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഡിജിറ്റൽ സാക്ഷരതയ്ക്ക് തുടക്കം കുറിക്കാനിരിക്കുകയാണ്. രാജ്യത്തുതന്നെ ആദ്യമായി ഡിജിറ്റൽ സാക്ഷരത നേടിയ പഞ്ചായത്തായ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറയിലെ ഡിജി പുല്ലമ്പാറ പദ്ധതിയെ അറിയാം



**സുനീഷ് ജോ**
മാധ്യമപ്രവർത്തകൻ

ഫേസ്ബുക്കിൽ പാട്ടുപാടി വീഡിയോ അപ്‌ലോഡ് ചെയ്യുന്നതിനെക്കുറിച്ച് പറയുകയായിരുന്നു സരസു. വാട്ട്സ്ആപ്പിലൂടെ തന്റെ പാട്ടുകൾ മുമ്പ് പ്രചരിക്കപ്പെട്ടിരുന്നെങ്കിലും അത് തന്റേതാണെന്ന് ആരെങ്കിലും പറയുകയോ അറിയിക്കുകയോ ഉണ്ടായില്ല. സരസു സി ചുള്ളാളം എന്ന ഫേസ്ബുക്ക് അക്കൗണ്ടിലൂടെ തനിക്കറിയാവുന്ന പാട്ടുകൾ പങ്കുവയ്ക്കണമെന്ന ആഗ്രഹം അങ്ങനെയുണ്ടായതാണെന്നും അവർ പറഞ്ഞു. തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ ഡിജിറ്റൽ സാക്ഷരതാപദ്ധതിയിലൂടെയാണ് സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ സരസു പഠിച്ചത്. അറുപത്തിയെട്ടുകാരി. മൂന്നാംക്ലാസുവരെയായിരുന്നു വിദ്യാഭ്യാസം. ദാരിദ്ര്യം കാരണം കൂടുതൽ പഠിക്കാൻ കഴിയാതിരുന്ന അവർ പഴയ ദുഖം മറക്കുന്നത് ഡിജിറ്റൽ സാക്ഷരത നേടിത്തന്ന 'സ്മാർട്ട് ലോക'ത്തിലൂടെ. സ്വന്തമായി വാട്ട്സ്ആപ്പ് ഉപയോഗിക്കും. വീഡിയോ കോൾ ചെയ്യും. യുട്യൂബ് ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നതിലും പരിജ്ഞാനമുണ്ട്. ഒരു അടിപൊളിപ്പാട്ട് കേൾക്കട്ടെ എന്ന് പറഞ്ഞ് ഇയർഫോൺ വച്ച് അവർ മൊബൈൽ ഫോണിൽ പാട്ടുകേൾക്കാൻ തുടങ്ങി. തൊഴിലുറപ്പ് തൊഴിലാളിയായ സരസു ഇൻസ്റ്റാൾമെന്റിലൂടെയാണ് സ്മാർട്ട്ഫോൺ സ്വന്തമാക്കിയത്. നല്ലൊരു ഫോക്‌ലോർ കലാകാരിയാണ് സരസു.

## തുടക്കം ബാങ്കിന് മുന്നിലെ ക്യൂവിൽനിന്ന്

പഞ്ചായത്തിലെ ഏക പൊതുമേഖലാബാങ്ക് ശാഖയ്ക്ക് മുന്നിലെ നീണ്ട ക്യൂ കണ്ടപ്പോൾ തിരുവനന്തപുരം ജില്ലാവനിതാക്ഷേമ ഓഫീസർ സജീന സത്താറിന് തോന്നിയ ആശയമാണ് 'ഡിജി പുല്ലമ്പാറ'യിലേക്ക് എത്തിച്ചത്. ബാങ്കിന് മുന്നിലെ ക്യൂവിൽ ഉണ്ടായിരുന്നവരിലേറെയും മധ്യവയസ്കരാണ്. ബാങ്കിങ് രംഗത്തെ മിക്ക സേവനങ്ങളും ഓൺലൈനിൽ ലഭ്യമാവുന്ന കാലത്ത് ആവശ്യമായവർക്ക് ഡിജിറ്റൽ സാക്ഷരത നൽകിയാൽ നല്ലതായിരിക്കുമെന്ന് പഞ്ചായത്തിലെ താമസക്കാരി കൂടിയായ സജീന സത്താറിന് തോന്നി . സഹപ്രവർത്തകരായ ഗ്രാമവികസന വകുപ്പ് ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണറായിരുന്ന സനോബ്, തൊഴിലുറപ്പ് പദ്ധതി ജില്ലാ എൻജിനീയർ ദിനേശ് പപ്പൻ എന്നിവരുമായി അവർ ആശയം പങ്കുവച്ചു. തുടർന്ന് ഇക്കാര്യം പഞ്ചായത്ത് പ്രസിഡന്റ് പി വി രാജേഷിനോട് പറഞ്ഞു. അദ്ദേഹം ആശയം പഞ്ചായത്ത് ഭരണസമിതിയിൽ അവതരിപ്പിച്ചു. അങ്ങനെ പദ്ധതിക്ക് അനുമതിയായി.

പദ്ധതി തുടങ്ങുന്നതിന്റെ ആദ്യപടി ഡിജിറ്റൽ സാക്ഷരത ആവശ്യമുള്ള വരെ കണ്ടെത്തുക എന്നതായിരുന്നു. അതിനായി 45 വയസ്സിന് താഴെയുള്ള സന്നദ്ധപ്രവർത്തകരെ ഉപയോഗിച്ച് സർവെ നടത്തി

## ഇ- വിദ്യാരംഭം; സർവെയിൽ 3917 പേർ

പദ്ധതി തുടങ്ങുന്നതിന്റെ ആദ്യപടി ഡിജിറ്റൽ സാക്ഷരത ആവശ്യമുള്ളവരെ കണ്ടെത്തുക എന്നതായിരുന്നു. അതിനായി 45 വയസ്സിന് താഴെയുള്ള സന്നദ്ധപ്രവർത്തകരെ ഉപയോഗിച്ച് സർവെ നടത്തി. വീടുവീടാന്തരം കയറി ഇറങ്ങിയായിരുന്നു സർവെ. മൊബൈൽ ആപ്ലിക്കേഷനും ഇതിനായി ഉപയോഗിച്ചു. പഞ്ചായത്തിലെ 15 വാർഡുകളിലായി ആകെ 3917 പേർക്കാണ് ഡിജിറ്റൽ സാക്ഷരതാപരിശീലനം ആവശ്യമെന്ന് സർവെയിൽ കണ്ടെത്തി. ഇതിൽ 617 പേർക്ക് കാഴ്ചക്കുറവ്, കിടപ്പുരോഗം, മറ്റ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ എന്നിവയുണ്ടായിരുന്നു.

അസുഖബാധിതരെയും കിടപ്പുരോഗികളെയും ഒഴിവാക്കി 3300 പേർക്ക് പരിശീലനം നൽകാൻ തീരുമാനിച്ചു. 14 മുതൽ 65 വയസ്സ് വരെയുള്ളവരെ ഉൾപ്പെടുത്തി. 45 വയസ്സിനു മുകളിലുള്ളവരായിരുന്നു പഠിതാക്കളിൽ കൂടുതലും. ഇതിൽ ഭൂരിപക്ഷവും സ്ത്രീകൾ.



2022 സെപ്റ്റംബർ 21 ന് ഡിജി പുല്ലമ്പാറ പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം നടത്തുമ്പോൾ മുഖ്യമന്ത്രി പിണറായി വിജയനുമായി വീഡിയോകോളിൽ സംസാരിക്കുന്ന പി. ശാന്ത

പ്രശാന്ത്. ആർ.
ഐപിആർഡി



എൻഎസ്എസ് വിദ്യാർഥികൾ ഡിജിറ്റൽ പരിശീലനം നൽകുന്നു

പ്രശസ്ത സിനിമാതാരം സുരാജ് വെഞ്ഞാറമൂട് പദ്ധതിയുടെ ബ്രാൻഡ് അംബാസഡറായി. പദ്ധതിക്ക് ഡിജി പുല്ലമ്പാറ എന്ന പേരും നൽകി. ആൻഡ്രോയിഡ് മൊബൈൽ ഫോൺ ഉപയോഗിച്ചാണ് ഡിജിറ്റൽ സാക്ഷരത പരിശീലിപ്പിച്ചത്.സ്മാർട്ട് ഫോൺ ഓൺ, ഓഫ്, വാട്സ്ആപ്പ് വീഡിയോ കോൾ, ഓഡിയോ കോൾ, ഫോട്ടോയും വീഡിയോയും ഡൗൺലോഡ് ചെയ്യൽ, യൂട്യൂബ്, ഫേസ്ബുക്ക് എന്നിവ പരിചയപ്പെടുത്തൽ, ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് മനസി ലാക്കൽ തുടങ്ങിയവയാണ് പാഠ്യവിഷയമായി ഉൾപ്പെടുത്തിയ ത്. ഇത് മൂന്ന് മൊഡ്യൂളാക്കി അവതരിപ്പിച്ചു. കൈപ്പുസ്തകവും ഇറക്കി.

സാങ്കേതിക സർവകലാശാ ലയുടെ എൻഎസ്എസ് വിഭാഗ ത്തിന്റെ സഹായത്തോടെയാണ് പരിശീലനം ആരംഭിച്ചത്. ഹീരാ എൻജിനീയറിങ്ങ് കോളേജ്, മോഹൻദാസ് എൻജിനീയറിങ്ങ് കോളേജ്, രാജധാനി എൻജിനീയ റിങ്ങ് കോളേജ്, മുസ്ലിം അസോസി യേഷൻ കോളേജ് ഓഫ് എൻജിനീ യറിങ്ങ് , ട്രിനിറ്റി കോളേജ് ഓഫ് എൻജിനീയറിങ്ങ് , തേമ്പാമൂട് ജനതാഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ എൻഎസ്എസ് യൂണിറ്റുകളിലെ 250 വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ, പ്രാദേശിക വാളന്റിയർ എന്നിവർ വഴിയായിരു ന്നു പരിശീലനം. വീടുകൾ കയറിയും തൊഴിലുറപ്പ് പദ്ധതിയു ടെ സൈറ്റുകളിൽ ഒഴിവ് സമയങ്ങ ളിലും പ്രാദേശിക പഠനകേന്ദ്രങ്ങളിലുമായിരുന്നു പരിശീല നം. പാൻ എൻവയോൺമെന്റ് എന്ന സ്റ്റാർട്ടപ്പ് കമ്പനി സർവെ, പഠനം എന്നിവ നടത്താൻ സഹായം നൽകി. തനത് ഫണ്ടിൽനിന്ന് നാലുലക്ഷം രൂപയും ചില കമ്പനി കളുടെ വകയായി ലഭിച്ച കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടും പദ്ധതിക്ക് പ്രയോജനപ്പെടുത്തി.

## മുഖ്യമന്ത്രിയോട് സംസാരിച്ച് ശാന്ത; കളക്ടറോട് കുശലം ചോദിച്ച് സുദർശനൻ

ഡിജി പുല്ലമ്പാറ പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനുമായി വീഡിയോ കോളിൽ സംസാരിച്ചതി ന്റെ സന്തോഷം പനച്ചമൂടിലെ പി ശാന്തയിൽ ഇപ്പോഴുമുണ്ട്. തൊഴിലുറപ്പ് തൊഴിലാളിയാണ്. സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ പഠിച്ചെങ്കിലും സ്വന്തമായി ഫോണില്ല. ഫോൺ വാങ്ങിക്കണമെന്ന ആഗ്രഹത്തിലാ ണ്. വെള്ളുമണ്ണടി സ്വദേശി സുദർശ നൻ വേഗത്തിലാണ് പാഠങ്ങൾ പഠിച്ചത്. ആറാം ക്ലാസുവരെയെ പഠിച്ചിട്ടുള്ളൂ. 63 -ാം വയസ്സിൽ സ്മാർട്ട് ഫോണിലൂടെ ഇ - ലോകത്തിനൊപ്പം സഞ്ചരിക്കാനുള്ള ശ്രമത്തിലാണ്.

മറ്റൊരു പ്രധാന വെല്ലുവിളി അതിഗ്രാമീണമേഖലയുള്ള പഞ്ചായത്തിലെ അഞ്ചു വാർഡുകളി ലും ഒരുകമ്പനിയുടെയും നെറ്റ് വർക്ക് ഉണ്ടായിരുന്നില്ലെന്നതാണ്. ഇതിനായി ഡി. കെ. മുരളി എംഎൽഎ യുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ മൊബൈൽ കമ്പനിക ളുടെ പ്രത്യേക യോഗം ചേർന്നു. ജോൺ ബ്രിട്ടാസ് എംപി യുടെ ഇടപെടലിന്റെ ഭാഗമായി ടവറും സ്ഥാപിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി വി രാജേഷ്, പദ്ധതി കോ-ഓർഡി നേറ്റർ ഷംനാദ് പുല്ലമ്പാറ, ജില്ലാ വനിതാക്ഷേമ ഓഫീസർ സജീന സത്താർ എന്നിവരുടെ കോർ ടീമാണ് പദ്ധതിക്ക് ചുക്കാൻ പിടിച്ചത്. ഏഴ് മുതൽ 14 ദിവസം വരെയാണ് ഓരോ വാർഡിലും പരിശീലനം നൽകിയത്. സാധാരണക്കാർക്ക് ഡിജിറ്റൽ സാക്ഷരത നൽകിയ പദ്ധതിക്ക് രണ്ടാം ഘട്ടമുണ്ടാകുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് പി വി രാജേഷ് പറഞ്ഞു. ഡിജിറ്റൽ സേവന ങ്ങൾ ഉപയോഗിക്കാൻ പരിജ്ഞാനമു ണ്ടാക്കുകയാണ് ഇനി ലക്ഷ്യം. ■

# സ്വർണ്ണത്തിളക്കത്തിൽ



കേന്ദ്ര സർക്കാരിന്റെ ഈ വർഷത്തെ ഡിജിറ്റൽ ഇന്ത്യ 'ഗോൾഡ്' ദേശീയ പുരസ്കാരം ലഭിച്ചത് കോട്ടയം ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിന്. ജില്ലയുടെ kottayam.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിനാണ് ഡിജിറ്റൽ ഇന്ത്യ 'ഗോൾഡ്' പുരസ്കാരം.

വെബ്സൈറ്റുകൾക്കായി കേന്ദ്രസർക്കാർ നിർദേശിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിക്കുന്ന മികച്ച വെബ്സൈറ്റ്, മൊബൈൽ സംരംഭക വിഭാഗത്തിലാണ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം നൽകുന്ന പുരസ്കാരത്തിന് വെബ്സൈറ്റ് അർഹമായത്.

ജനങ്ങൾക്ക് പരാതി നൽകുന്നതിനും പരിഹരിക്കുന്നതിനും വെബ് സൈറ്റിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളാണ് പുരസ്കാരത്തിന് ജൂറി പരിഗണിച്ച പ്രധാനഘടകങ്ങൾ.


സാധാരണക്കാർക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്ന രീതിയിലും ഭിന്നശേഷി സൗഹൃദവുമായാണ് വെബ്സൈറ്റിന്റെ രൂപകൽപന.

കാഴ്ചപരിമിതിയുള്ളവർക്കായി വലിയ അക്ഷരത്തിൽ കാണുന്നതിനും വെബ്സൈറ്റിലെ വിവരങ്ങൾ കേൾക്കുന്നതിനുമുള്ള സൗകര്യവുമുണ്ട്. മൊബൈൽ, ടാബ് ലെറ്റുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങി എല്ലാ ഉപകരണങ്ങളിലും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ വെബ്സൈറ്റ് ലഭിക്കും.

പ്രധാന വകുപ്പുകൾ സംബന്ധിച്ച വിവരങ്ങൾ, പദ്ധതികൾ, സേവനങ്ങൾ എന്നിവയ്ക്കൊപ്പം പൊതുജനങ്ങൾക്ക് വെള്ളം, വൈദ്യുതി, മറ്റ് ബില്ലുകൾ അടയ്ക്കുന്നതിനുള്ള ലിങ്കുകൾ, വോട്ടർ രജിസ്ട്രേഷൻ, വിവാഹം, ജനനം, മരണം രജിസ്ട്രേഷൻ, ഓൺലൈനായി ഭൂനികുതി അടയ്ക്കൽ തുടങ്ങി നാൽപതോളം ഓൺലൈൻ സേവനങ്ങളും വെബ്സൈറ്റിലുണ്ട്. നൂറിലേറെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ വെബ് സൈറ്റിലുണ്ട്. ജില്ലയിലെ ടൂറിസത്തെ സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ 'കോട്ടയം ടൂറിസം', 'എന്റെ ജില്ല' ആപ്പുകൾ വെബ് സൈറ്റുമായി ബന്ധിപ്പിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് വെബ്സൈറ്റ് പരിപാലിക്കുന്നത്.

# ഡിജിറ്റൽ സമത്വത്തിനായി സർക്കാർ

ഡിജിറ്റൽ ലോകത്ത് സ്ത്രീകൾക്ക് തുല്യ അവസരം ഉറപ്പാക്കാൻ സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതി




**ആരതി കെ.ആർ**
അസി. ഇൻഫർമേഷൻ ഓഫീസർ
ഐപിആർഡി

വിദ്യാഭ്യാസം , വാണിജ്യം, വ്യവസായം, ശാസ്ത്രസാങ്കേതിക രംഗം, ആരോഗ്യം, തൊഴിൽ, കുടുംബം, തുടങ്ങിയ സമസ്ത മേഖലകളിലും ലോകമെമ്പാടുമുള്ള സ്ത്രീകൾ കൈവരിച്ച നേട്ടങ്ങൾ ഓർമ്മിക്കാനും ആഘോഷിക്കാനും, വിജയം കൈവരിച്ച വനിതകളെ ആദരിക്കാനുമാണ് ഐക്യരാഷ്ട്ര സഭ മാർച്ച് 8ന് അന്താരാഷ്ട്ര വനിതാ ദിനമായി ആചരിക്കുന്നത്. 'ഡിജിറ്റൽ ലോകം എല്ലാവർക്കും - നൂതനത്വവും സാങ്കേതികവിദ്യയും ലിംഗസമത്വത്തിന്' എന്നതായിരുന്നു ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ആശയം. സാങ്കേതികവിദ്യാമുന്നേറ്റത്തിലൂടെയും നൂതനമായ കണ്ടുപിടിത്തങ്ങളിലൂടെയും വിദ്യാഭ്യാസത്തിലൂടെയും സ്ത്രീകൾക്ക് സമത്വവും ശാക്തീകരണവും ഉറപ്പാക്കുക എന്നതാണ് പ്രഖ്യാപിതലക്ഷ്യം.

നിലവിലെ സാമ്പത്തിക, സാമൂഹിക അസമത്വങ്ങളിൽ ഡിജിറ്റൽ ലോകത്തെ സ്ത്രീകളുടെ പിന്നാക്കാവസ്ഥ എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്നത് ഈ അവസരത്തിൽ അന്വേഷണവിധേയമാകും. സമ്പന്നരും ദരിദ്രരും തമ്മിലും നഗരവാസികളും ഗ്രാമീണരും തമ്മിലും നിലനിൽക്കുന്ന വിടവുകൾക്ക് സമാനമാണ് ഡിജിറ്റൽ രംഗത്തെ പുരുഷൻമാരും സ്ത്രീകളും തമ്മിലുള്ള അന്തരം. ഡിജിറ്റൽ ഭിന്നശേഷി എന്ന ഒരു പുതിയ അവസ്ഥയായി ഇതിനെ വിലയിരുത്തുന്നു.

## ഡിജിറ്റൽ ഭിന്നശേഷി ത്രക്ഷം

ഡിജിറ്റൽ രംഗത്തെ വിടവ് ഇതര മേഖലകളിലെ വിഭവലഭ്യതയിലും സാധ്യതകളിലും പ്രതിഫലിക്കും. ആഗോളതലത്തിൽ 15 ശതമാനം സ്ത്രീകൾ മാത്രമേ ഡിജിറ്റൽ സാക്ഷരത കൈവരിച്ചിട്ടുള്ളൂ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്നതിൽ പുരുഷൻമാരേക്കാൾ ഏറെ പിന്നിലാണ് സ്ത്രീകൾ. 38 ശതമാനം സ്ത്രീകൾക്ക് സൈബർ അതിക്രമങ്ങൾ നേരിട്ടതിന്റെ വ്യക്തിപരമായ അനുഭവമുണ്ടെന്നാണ് 51 രാഷ്ട്രങ്ങളിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്.



സ്ത്രീകളുടെ
സുസ്ഥിരമായ ഭാവിക്ക്
ഡിജിറ്റൽ വിദ്യാഭ്യാസം
അനിവാര്യമാണ്.
ഐക്യരാഷ്ട്രസഭയുടെ ആശയം
മുൻനിർത്തി വനിതകളെ
ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ
ഉപയോഗിക്കുന്നതിന്
പ്രാപ്തരാക്കുന്ന
പദ്ധതിക്ക് രൂപം
നൽകിയിരിക്കുകയാണ്
സംസ്ഥാന
സർക്കാർ

ഐക്യരാഷ്ട്ര സഭ വനിതാവിഭാഗം പ്രസിദ്ധീകരിച്ച ജെൻഡർ സ്നാപ് ഷോട്ട് 2022 റിപ്പോർട്ട് പ്രകാരം ഡിജിറ്റൽ ലോകത്ത് നിന്ന് സ്ത്രീകളെ അന്യവൽക്കരിച്ചതിന്റെ ഫലമായി കഴിഞ്ഞ പതിറ്റാണ്ടിനിടെ, അവികസിത, വികസ്വര രാജ്യങ്ങൾക്ക് മൊത്ത ആഭ്യന്തര വരുമാനത്തിൽ ഒരുലക്ഷം കോടിയിൽപരം ഡോളറിന്റെ നഷ്ടമുണ്ടായിട്ടുണ്ട്. ഭാവിയിലെങ്കിലും ഇത് തിരുത്താനും പരിഹാരം കണ്ടെത്താനും കഴിയണമെങ്കിൽ, സ്ത്രീകൾക്കെതിരായ സൈബർ അതിക്രമങ്ങൾ ഫലപ്രദമായി തടയാൻ സാധിക്കണം.

## പഠിക്കാം, പ്രാപ്തരാകാം

സ്ത്രീകളുടെ സുസ്ഥിരമായ ഭാവിക്ക് ഡിജിറ്റൽ വിദ്യാഭ്യാസം അനിവാര്യമാണ്. ഐക്യരാഷ്ട്രസഭയുടെ ആശയം മുൻനിർത്തി വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിരിക്കുകയാണ് സംസ്ഥാന സർക്കാർ. ഡിജിറ്റൽ വിദ്യാഭ്യാസത്തിലൂടെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് അന്താരാഷ്ട്ര വനിതാദിനത്തിൽ തുടക്കമായി. പദ്ധതിക്ക് ചുക്കാൻ പിടിക്കുന്നത് വനിതാശിശു വികസന വകുപ്പും ജെൻഡർ പാർക്കുമാണ്. ഡിജിറ്റൽ പ്ലാറ്റ് ഫോമുകളായ സ്മാർട്ട് ഫോൺ, സോഷ്യൽ മീഡിയ, നെറ്റ് ബാങ്കിങ്ങ്, ഓൺലൈൻ പേയ്മെന്റ് സേവനങ്ങൾ, എ.ടി.എം., സൈബർ സുരക്ഷ തുടങ്ങിയവ നിത്യജീവിതത്തിൽ സ്ത്രീസൗഹൃദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകാനാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി ജെൻഡർ പാർക്ക് ശില്പശാല സംഘടിപ്പിച്ച് മൊഡ്യൂൾ തയ്യാറാക്കി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിങ്ങ് ഓഫ് ട്രെയിനേഴ്സ് പരിശീലനം (TOT) നൽകും. അത്തരം പരിശീലകരെ ഉപയോഗപ്പെടുത്തി അങ്കണവാടി വർക്കർമാർക്കും കുടുംബശ്രീ പ്രവർത്തകർക്കും പൊതു സമൂഹത്തിലെ സ്ത്രീകൾക്കും പരിശീലനം നൽകും.

ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ ലഭ്യത, ഡിജിറ്റൽ സുരക്ഷിതത്വം എന്നിവയെല്ലാം ഉറപ്പുവരുത്തി മാത്രമേ ഡിജിറ്റൽ ലോകത്തെ സ്ത്രീകളുടെ സമത്വം ഉറപ്പുവരുത്താൻ സാധിക്കൂ. ■

# എല്ലാം ഡിജിറ്റൽ സുതാര്യം

ഡിജിറ്റൽ സേവനങ്ങൾ കൃത്യതയോടെയും സമയബന്ധിതമായും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പഞ്ചായത്തുതലത്തിൽ വിന്യസിച്ച സോഫ്റ്റ്‌വെയറാണ് ഐ.എൽ.ജി.എം.എസ്



**സുനിൽ കുമാർ ടി. കെ**
ഐ.എൽ.ജി.എം.എസ് സംസ്ഥാന സെൽ അംഗം



കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 2022 ഏപ്രിൽ മുതൽ വിന്യസിച്ചിട്ടുള്ള ഓൺലൈൻ ഇ.ആർ.പി ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറാണ് ഐ.എൽ.ജി.എം.എസ് എന്ന ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം. എല്ലാ ഫയൽ നടപടികളും ഡിജിറ്റലാക്കുക, ഏതൊരു ഫയലും പൊതുജനങ്ങൾക്കും ചുമതലപ്പെട്ടവർക്കും എളുപ്പത്തിൽ കണ്ടെത്താനാകുക, അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ പരമാവധി കൃത്യത ഉറപ്പാക്കുക, സേവനതീയതി ഉൾപ്പെടുത്തി രസീത് നൽകുക എന്നിങ്ങനെ വിവിധ നേട്ടങ്ങൾ ഡിജിറ്റൽ മാറ്റത്തിന്റെ ഭാഗമായി.

## ഐ.എൽ.ജി.എം.എസിന്റെ സവിശേഷതകൾ

- പൂർണ്ണമായും കടലാസുരഹിതം
- മുൻഗണനാടിസ്ഥാനത്തിൽ ഫയലുകളിൽ നടപടി സ്വീകരിച്ച് സമയബന്ധിതമായും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുന്നു
- ഫയലുകൾ നഷ്ടപ്പെടില്ല
- കൃത്യതയോടെ ഫയൽതിരയൽ

## ഐ.എൽ.ജി.എം.സിൽ കൈകാര്യം ചെയ്ത ഫയലുകളുടെ വിവരം

(2023 മാർച്ച് ഏഴ് വരെ)

| നമ്പർ | അപേക്ഷകൾ/ഫയലുകളുടെ വിവരം | ലഭിച്ചവയുടെ -എണ്ണം | തീർപ്പാക്കിയവ | % |
|---|---|---|---|---|
| 1 | ഫ്രണ്ട്ഓഫീസ് വഴി ലഭിച്ചവ | 82,72,043 | 73,29,457 | 88.60 |
| 2 | സിറ്റിസൺ പോർട്ടൽ വഴി ലഭിച്ചവ | 14,01,033 | 12,73,767 | 90.92 |
| 3 | ഗ്രാമപഞ്ചായത്തിൽ ആകെലഭിച്ചവ (1+ 2) | 96,73,076 | 86,03,254 | 88.94 |
| 4 | സിറ്റിസൺ പോർട്ടൽവഴി നഗരസഭകളിൽ ലഭിച്ചവ | 2,49,951 | 136,292 | 54.52 |
| 5 | ഐ.എൽ.ജി.എം.എസ്‌വഴി ആകെ കൈകാര്യംചെയ്തവ (3+4) | 99,23,027 | 87,39,546 | 88.07 |

- ചുമതലപ്പെട്ട ജനപ്രതിനിധികൾക്കും ഉന്നതോദ്യോഗസ്ഥർക്കും ഏത് ഫയലിന്റെയും ഉള്ളടക്കം കാണാനാകുന്ന കൃത്യമായ മോണിട്ടറിങ്ങ് ഡാഷ്ബോർഡ്

## ഫയൽ നീക്കം സുഗമമായി

ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ജീവനക്കാരെ സഹായിക്കുന്ന ഒട്ടേറെ ഘടകങ്ങൾ ആപ്ലിക്കേഷനിലുണ്ട്.

- അപേക്ഷ സ്വീകരിക്കുമ്പോൾ അനുബന്ധ രേഖകൾ കൂടി കൃത്യതയോടെ ചേർക്കുന്നതിന് സഹായിക്കുന്ന ചെക്ക്‌ലിസ്റ്റുകൾ
- മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കൃത്യമായ ഫയൽഫ്ളോ
- നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ക്രമീകരിച്ചിട്ടുള്ള ഓട്ടോനോട്ടുകൾ
- മൊത്തം സേവനസമയത്തെ ഓരോരുത്തർക്കും ഭാഗിച്ച് നൽകിക്കൊണ്ടുള്ള സമയക്രമം (ത്രെഷോൾഡ് ടൈം)
- അലർട്ടുകൾ

## ഇനി ഓഫീസുകൾ കയറിയിറങ്ങേണ്ട

അപേക്ഷ നൽകുമ്പോൾ സേവനാവകാശ നിയമപ്രകാരം ഉള്ളതുൾപ്പെടെ ഏത് സേവനവും ലഭിക്കുന്ന തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് ലഭ്യമാകുന്നു. ചട്ടപ്രകാരം ഏതെങ്കിലും അനുബന്ധരേഖ ചേർത്തിട്ടില്ലെങ്കിൽ അപാകതാകത്ത്, അപേക്ഷ നൽകുന്ന സമയത്തുതന്നെ ലഭ്യമാകുന്നു. കേരളത്തിലെ ഏത് ഗ്രാമപഞ്ചായത്തിലും ഒരു പ്രത്യേകസേവനം ലഭിക്കാൻ അധിക/വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്ന പ്രവണതയും ഇല്ലാതായിട്ടുണ്ട്.


ഇരുന്നൂറിലധികം സേവനങ്ങളും സാക്ഷ്യപത്രങ്ങളും പഞ്ചായത്ത് ഓഫീസിൽ എത്താതെ വീട്ടിലിരുന്നോ, സമീപത്തുള്ള സർവീസ് സെന്ററുകൾ വഴിയോ ഏതുസമയത്തും ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഐ.എൽ.ജി.എം.എസിന്റെ ജനകീയമുഖമായ സിറ്റിസൺ സർവീസ് പോർട്ടൽ (www.citizen.lsgkerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്. ഫീസും പോർട്ടലിലൂടെ അടയ്ക്കാം. ഗ്രാമപഞ്ചായത്തുകളിൽ കൈകാര്യം ചെയ്യപ്പെടുന്ന ഫയലുകളുടെ തത്സമയസ്റ്റാറ്റസ് ഈ പോർട്ടലിലൂടെ ലഭ്യമാക്കി സുതാര്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. സിറ്റിസൺ പോർട്ടൽസൗകര്യം നഗരസഭകൾക്കും ലഭ്യമാണ്. ഐ.എൽ.ജി.എം.എസ് ആപ്ലിക്കേഷനിലൂടെ നാളിതുവരെ ഒരുകോടിയോളം ഫയലുകൾ കൈകാര്യം ചെയ്തുകഴിഞ്ഞു.

## ജനന-മരണ – വിവാഹരജിസ്ട്രേഷൻ, അക്കൗണ്ടിങ്ങ്, ഫയൽ നടപടി

മോഡ്യൂളുകൾ മാത്രമാണ് ആദ്യഘട്ടമെന്ന നിലയിൽ പൂർണ്ണമായും ഐ.എൽ.ജി.എം.എസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ മോഡ്യൂളുകൾ ചേർക്കുകവഴി നടപടികളുടെ വേഗം വർധിപ്പിക്കാൻ സാധിക്കും. വിവിധ ക്ഷേമ പെൻഷനുകൾ (സേവന പെൻഷൻ), കെട്ടിട നിർമ്മാണാനുമതി(സങ്കേതം), വിവിധ യോഗങ്ങളുടെ നടപടിക്രമങ്ങൾ (സകർമ), വസ്തുനികുതിചുമത്തലും ഈടാക്കലും (സഞ്ചയ), പ്രോജക്ടുകളുടെ തയ്യാറാക്കലും, തുകവിതരണം ചെയ്യലും (സുലേഖ, സാംഖ്യ) തുടങ്ങിയ ഇനങ്ങൾകൂടി ഈ ആപ്ലിക്കേഷനിലേക്ക് കൂട്ടിച്ചേർക്കുന്നതോടെ ഒറ്റലോഗിനിലൂടെതന്നെ ഗ്രാമപഞ്ചായത്തിലെ എല്ലാപ്രവർത്തനങ്ങളും നടത്താൻ സാധിക്കും. ■

# മാറ്റം തിരിച്ചറിഞ്ഞ് ജനങ്ങൾ

ഐ.എൽ.ജി.എം.എസ്സിലൂടെ പഞ്ചായത്ത് സേവനങ്ങൾ ഫാസ്റ്റ് ട്രാക്കിലായതോടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നു, സേവനങ്ങൾ കൃത്യസമയത്ത് ജനങ്ങളിലേക്ക് എത്തുന്നു





**സജിനി മഠപ്പറമ്പിൽ**
മാധ്യമപ്രവർത്തക

"ഇപ്പൊ പഴയ പോലൊന്നുമ ല്ലെന്നേ, പഞ്ചായത്തൊക്കെ ഒരുപാട് മാറി..എല്ലാം ഓൺലൈനാ...കാര്യങ്ങ ളൊക്കെ വേഗം നടക്കും". തിരുവനന്തപുരം കടയ്ക്കാവൂർ പഞ്ചായ ത്തിന്റെ ഫ്രണ്ട് ഓഫിസിൽ അപേക്ഷ നൽകുന്നതിനിടെ ടഇതുപറയുമ്പോൾ 64 കാരി ഓമനയുടെ മുഖത്ത് നിറഞ്ഞ സംതൃപ്തി. സർക്കാർ സംവിധാനത്തി ന്റെ മികവ് സാധാരണജനങ്ങൾ തിരിച്ചറിയുന്നതിന്റെ ഉദാഹരണ മാണിത്. ജനങ്ങൾക്ക് ഓൺലൈൻ വഴി ഏറ്റവും വേഗത്തിൽ സേവനമെ ത്തിക്കുന്നതിന് തദ്ദേശ വകുപ്പ് സംസ്ഥാ നത്തെ പഞ്ചായത്തുകളിൽ നടപ്പാക്കി യതാണ് ഐ എൽ ജി എം എസ് (ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനെജ്മെന്റ് സിസ്റ്റം). ഈ സംവിധാ നത്തെക്കുറിച്ച് കൂടുതൽ അറിയില്ലെങ്കി ലും ഓൺലൈൻ ആയപ്പോൾ എല്ലാം പെട്ടെന്നാകുന്നുവെന്ന് ഉറപ്പിച്ചുപറയുന്നു ഓമന.

ആൻഡമാനിൽ ജോലി ചെയ്യുന്ന മകന് ഓൺലൈൻ വഴി ഏത് സേവന ങ്ങൾക്കും അപേക്ഷ നൽകാനാകും, എങ്കിലും പഞ്ചായത്തിൽ നേരിട്ടെത്തി അപേക്ഷ കൊടുക്കുന്നത് വർഷങ്ങളാ യുള്ള ശീലമാണ് ഓമനയ്ക്ക്. "ഇവിടെ കൊടുത്താലും ഓൺലൈനിൽ കേറും." ഏത് രീതിയിൽ ലഭിക്കുന്ന അപേക്ഷകളും ഐ എൽ ജി എം എസ് സംവിധാനത്തിലൂ ടെയാണ് കൈകാര്യം ചെയ്യുന്നതെന്ന അറിവിനെ അവർ ലളിതമായി പറഞ്ഞതിങ്ങനെ. ഭിന്നശേഷിക്കാരനായ ഇളയ മകന്റെ സ്കോളർഷിപ്പിനുള്ള രേഖകൾ നൽകി മടങ്ങുമ്പോൾ കാലതാമസമില്ലാതെ സേവനം ലഭിക്കുമെന്ന ഉറപ്പുണ്ടായിരുന്നു അവർക്ക്.

## അപേക്ഷകൾ തീർപ്പാക്കുന്നതിൽ അതിവേഗം

2021 ഏപ്രിൽ മാസത്തിലാണ് കടയ്ക്കാവൂർ പഞ്ചായ ത്തിൽ ഐ എൽ ജി എം എസ് സംവിധാനം നടപ്പാക്കിയത്. ഇതുവഴി 11,000 ത്തോളം അപേക്ഷകൾ ലഭിച്ചതിൽ 96 ശതമാനവും തീർപ്പാക്കാൻ സാധിച്ചത് നേട്ടമാണ്. സിറ്റിസൻ പോർട്ടൽ വഴിയും പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് വഴിയും ലഭിക്കുന്ന അപേക്ഷകൾ ഐ എൽ ജി എം എസിലൂടെ മികച്ച രീതിയിൽ കൈകാര്യം ചെയ്താണ് കടയ്ക്കാവൂർ മുന്നോട്ടുപോകുന്നത്.

2022 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അപേക്ഷ കൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ മികവ് തെളിയിച്ചതിന് കടയ്ക്കാവൂർ തദ്ദേശവകുപ്പിൽ നിന്ന് പ്രശംസ നേടിയിരുന്നു. ഡിസംബർ, ജനുവരി മാസങ്ങളിലും തിരുവനന്തപുരം ജില്ലയിൽ ഒന്നാമതായി നിൽക്കാൻ പഞ്ചായത്തിന് സാധിച്ചു. ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാകുന്ന തിന് ഐ എൽ ജി എം എസ് സംവിധാനം കാര്യക്ഷമമാ ണെന്ന് പഞ്ചായത്ത് പ്രസിഡന്റ് എസ് ഷീല പറയുന്നു.



ഓമന



കെ സുരേഷ്

## ഉദ്യോഗസ്ഥർക്കും സൗകര്യം

പഞ്ചായത്ത് ഓഫിസിലെ കമ്പ്യൂട്ടറുകളിൽ മാത്രമല്ല, മൊബൈൽ ഫോൺ വഴിയും ഐ എൽ ജി എം എസിൽ ലോഗിൻ ചെയ്യാനാകുമെന്നത് ഉദ്യോഗസ്ഥർക്ക് കൂടുതൽ സൗകര്യപ്രദ മാകുന്നു. അവധി ദിനങ്ങളിൽ പോലും അവശ്യസേവനങ്ങൾ ലഭ്യമാക്കാൻ ഇതുവഴി സാധിക്കുമെന്ന് പഞ്ചായത്ത് സെക്രട്ടറി എസ്. എസ് രാജേഷ് വ്യക്തമാക്കുന്നു. വകുപ്പിലെ ഉന്നതോദ്യോഗസ്ഥരുടെ നിരന്തര നിരീക്ഷണം സാധ്യമായതിനാൽ കൃത്യനിർവഹണം കൂടുതൽ കാര്യക്ഷമമാണ്.

മൊബൈൽഫോൺ, ലാപ്ടോപ് എന്നിവ വഴി സ്വന്തമായും അക്ഷയ കേന്ദ്രങ്ങളിലൂടെയും പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് വഴിയും ജനങ്ങൾക്ക് അപേക്ഷ നൽകാം. താമസസർട്ടിഫി ക്കറ്റ്, കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നമ്പർ, ലൈസൻസ്, ഉടമസ്ഥാ വകാശം മാറ്റൽ, ജനന, മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ തുടങ്ങി പഞ്ചായത്തിൽ നിന്ന് ലഭിക്കേണ്ട എല്ലാ സേവനങ്ങൾക്കും ഇതുവഴി അപേക്ഷിക്കാം. ■

## കാലതാമസമില്ലെന്നത് ആശ്വാസം

" ഇപ്പൊ അനാവശ്യ കാലതാമസമൊന്നു മില്ല, അപേക്ഷ കൊടുത്താൽ എല്ലാം വേഗത്തിൽ നടക്കും. എവിടെയിരുന്നും അപേക്ഷിക്കാനുള്ള സംവിധാനം പുതുതലമുറയിലുള്ളവർക്കും വിദേശത്ത് താമസിക്കുന്നവർക്കും ഉപകാര പ്പെടും."പഞ്ചായത്തിൽ പെൻഷൻ രേഖകൾ നൽകാനെത്തിയ കെ. സുരേഷ് പറയുന്നു.

## ഇനി ഓൺലൈനിലേക്ക് മാറണം

"ഓൺലൈൻ വഴി സേവനങ്ങൾക്ക് അപേക്ഷിക്കാനാകുമെന്നത് ഏറെ ഉപകാരപ്രദ മാണ്. ഇനിമുതൽ ഐ എൽ ജി എം എസ് സിറ്റിസൻ പോർട്ടൽ ഉപയോഗിച്ച് തുടങ്ങണം." സഹോദരന്റെ ബിസിനസ് ആവശ്യത്തിനായി അപേക്ഷ നൽകാനെത്തിയ ഷനസ് പറയുന്നു.

# ഗോത്രങ്ങൾക്ക് ഇ-രേഖകൾ

ആദിവാസികുടുംബങ്ങൾക്കെല്ലാം
ആധികാരികരേഖകൾ ഉറപ്പാക്കിയ
ആദ്യ ജില്ലയായി വയനാട്



അനന്തു ബൽറാം



രമേഷ്കുമാർ വെള്ളമുണ്ട

എല്ലാ ആദിവാസി കുടുംബങ്ങൾക്കും ആധികാരിക രേഖകൾ ഉറപ്പാക്കിയ ആദ്യ ജില്ലയെന്ന അഭിമാനനേട്ടം ഇനി വയനാടിന് സ്വന്തം. കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികൾ വസിക്കുന്ന ഗോത്രഭൂമികയാണ് ഇവിടം. പിന്നാക്കാവസ്ഥയെ മറികടക്കാൻ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വഴികളും വയനാട് വിജയകരമായി നടന്നുകൊണ്ടിരിക്കുകയാണ്. അക്ഷയ ബിഗ് കാംപയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈഷേൻ (എ.ബി.സി.ഡി) ജില്ലയ്ക്കും തദ്ദേശവാസികളായ ആദിവാസികൾക്കും പുതുപ്രതീക്ഷകളാണ് പകരുന്നത്.

## ഇ-രേഖകൾ ഒരു കുടക്കീഴിൽ

വയനാടിന്റെ വിവിധ പ്രദേശങ്ങൾ, പ്രത്യേകിച്ച് വനാതിർത്തിയിലെ ഗ്രാമങ്ങളിൽ ഒട്ടേറെ കുടുംബങ്ങൾക്ക് ആധാർ കാർഡ് ഉൾപ്പെടെയുള്ള രേഖകളില്ലാത്ത അവസ്ഥയായിരുന്നു നിലനിന്നിരുന്നത്. വിവിധ ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി ക്യാമ്പുകളിൽ അഭയംതേടുന്നവർക്കും സർക്കാരിന്റെ ധനസഹായം പ്രതീക്ഷിച്ചിരിക്കുന്നവർക്കും ആധികാരിക രേഖകളുടെ അഭാവം ബുദ്ധിമുട്ടുകൾക്കിടയാക്കി. അക്ഷയ കേന്ദ്രങ്ങൾവഴി രേഖകൾ ലഭ്യമാക്കുക എന്ന ദൗത്യത്തിന് ഈ പശ്ചാത്തലത്തിലാണ് തുടക്കമായത്.

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലാണ് ആദ്യ എ.ബി.സി.ഡി ക്യാമ്പ് നടത്തിയത്. തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് മുതൽ ബാങ്ക്അക്കൗണ്ട് വരെയുള്ള ആധികാരിക രേഖകളെല്ലാം ഒരു കുടക്കീഴിൽ തത്സമയം ക്യാമ്പിൽ ലഭ്യമാക്കി. ഓരോ തദ്ദേശസ്ഥാപനത്തിലും മൂന്ന് ദിവസങ്ങൾവരെ നീണ്ടുനിന്ന ക്യാമ്പുകളിൽ നൂറുകണക്കിനാളുകളാണ് എത്തിയത്.

## ആദിവാസികൾക്കായി ഡിജിലോക്കറും

ജില്ലാ ഭരണകൂടത്തിന്റെ കാര്യക്ഷമവും വേഗതയുമേറിയ പരിശ്രമമായിരുന്നു എ.ബി.സി.ഡി ക്യാമ്പുകൾ. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ക്യാമ്പുകൾ കൃത്യതയോടെ നടത്തി. 23 ഗ്രാമപഞ്ചായത്തുകളിലും മൂന്ന് നഗരസഭകളിലുമുള്ള എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ആധികാരിക രേഖകൾ ഉറപ്പാക്കുകയായിരുന്നു ലക്ഷ്യം. റേഷൻ കാർഡ്, ആധാർ കാർഡ്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ജനന-മരണ സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട്, ആരോഗ്യ ഇൻഷ്വറൻസ് എന്നിങ്ങനെ ആറ് പ്രധാന രേഖകളാണ് ലഭ്യമാക്കിയത്.

കൈവശമുള്ള രേഖകൾ സൂക്ഷിക്കാനാകാതെ ആദിവാസി കുടുംബങ്ങൾ നേരിട്ട വെല്ലുവിളിക്ക് പരിഹാരമായി മാറി ക്യാമ്പുകൾ. അക്ഷയകേന്ദ്രങ്ങളുടെ സഹായത്തോടെ ക്യാമ്പിൽ ഡിജിറ്റൽ ലോക്കർ സംവിധാനവും ഒരുക്കാനായി. പാസ്‌വേഡ് ഉപയോഗിച്ച് ഏതുകാലത്തും ലോക്കറിലെ രേഖകൾ ഇനി തുറന്നെടുക്കാം.

### എ.ബി.സി.ഡി വയനാട്

| | |
|---|---|
| 142563 | സേവനങ്ങൾ |
| 64670 | ഗുണഭോക്താക്കൾ |
| 15796 | റേഷൻകാർഡുകൾ |
| 31252 | ആധാർ കാർഡുകൾ |
| 11300 | ജനന-മരണ സർട്ടിഫിക്കറ്റുകൾ |
| 22488 | തിരിച്ചറിയൽ കാർഡുകൾ |
| 7258 | ബാങ്ക് അക്കൗണ്ടുകൾ |
| 2337 | ആരോഗ്യ ഇൻഷ്വറൻസ് കാർഡുകൾ |
| 12797 | ഇ- ഡിസ്ട്രിക്റ്റ് സേവനം |



ജില്ലയിൽ 26 ക്യാമ്പുകളിലൂടെ 64,670 പട്ടികവർഗ ഗുണഭോക്താക്കൾക്ക് 1,42,563 സേവനങ്ങളാണ് നൽകിയത്. 22,036 ഡിജിറ്റൽ ലോക്കറിലായി രേഖകൾ ഇപ്പോൾ സുരക്ഷിതമാണ്. തദ്ദേശസ്വയംഭരണം, റവന്യൂ, പട്ടികവർഗവികസനം, ആരോഗ്യം, സിവിൽ സപ്ലൈസ്, ഐ.ടി മിഷൻ, അക്ഷയകേന്ദ്രം, ലീഡ്ബാങ്ക് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഓരോ തദ്ദേശസ്ഥാപന പരിധിയിലും എ.ബി.സി.ഡി ക്യാമ്പുകൾ പൂർത്തിയായത്. ജനപ്രതിനിധികൾ, പട്ടികവർഗ പ്രൊമോട്ടർ, സാമൂഹിക സന്നദ്ധസംഘടനാപ്രവർത്തകർ തുടങ്ങിയവരെല്ലാം ആദിവാസി കോളനികൾ സന്ദർശിച്ച് രേഖകൾ ഇല്ലാത്തവരെ കണ്ടെത്തി ക്യാമ്പിലെത്തിച്ചു. ഇവർക്കായി യാത്രാസൗകര്യവും ഒരുക്കി. ഓരോവകുപ്പും ക്യാമ്പിൽ പ്രത്യേകം കൗണ്ടറുകൾ സജ്ജമാക്കി.

ക്യാമ്പിലെത്തുന്നവർക്ക് ആശങ്കകളില്ലാതെ സേവനം ലഭ്യമാക്കാൻ അക്ഷയകേന്ദ്രങ്ങൾ ഗോത്രസൗഹൃദകൗണ്ടറുകളും ഒരുക്കിയിരുന്നു. ജില്ലാ കളക്ടർ എ.ഗീത, എ.ബി.സി.ഡി നോഡൽ ഓഫീസറും സബ്കളക്ടറുമായ ആർ. ശ്രീലക്ഷ്മി തുടങ്ങിയവർ ക്യാമ്പുകളിലെത്തി ആവശ്യമായ പിന്തുണയും നൽകി.

ഗോത്രജനതയുടെ മുന്നേറ്റത്തിനുള്ള സർക്കാർ ഉദ്യമങ്ങൾക്കൊപ്പം എല്ലാവർക്കും ആധികാരിക രേഖകൾ ഉറപ്പാക്കി എ.ബി.സി.ഡി മറ്റൊരു കേരളമാതൃകയായി മാറുകയാണ്. ■

# ഐടി ഭൂപടത്തിൽ മലബാറും

## നാല് കമ്പനികളിൽ നിന്ന് 85 കമ്പനികളിലേക്ക്, 68 ജീവനക്കാരിൽ നിന്ന് 2000 ജീവനക്കാരിലേക്ക്, സൈബർപാർക്കിന് സ്വപ്നതുല്യ വളർച്ച



**മാധവിക്കുട്ടി എം.എസ് ഐ.എ.എസ്**
സി.ഇ.ഒ. സൈബർപാർക്ക്

മലബാറിലെ ഐ.ടി കുതിപ്പിന് ദ്രുതവേഗം പകർന്നാണ് സർക്കാർ സൈബർപാർക്ക് ഓരോവർഷവും വളർന്നുകൊണ്ടിരിക്കുന്നത്. 2014ൽ 12,000 ചതുരശ്രയടി സ്ഥലത്ത് നാല് കമ്പനികളും 68 ജീവനക്കാരുമായി പ്രവർത്തനം തുടങ്ങിയ സൈബർപാർക്ക് ഇന്ന് 3,00,000 ചതുരശ്രയടി സ്ഥലത്ത് 85 കമ്പനികളും 2,000 ജീവനക്കാരുമായി മലബാറിലെ ഐ.ടി വളർച്ചയുടെ നെടുംതൂണായി നിലകൊള്ളുന്നു.മുൻവർഷങ്ങളേക്കാൾ ഇരട്ടിയിലധികമാണ് സർക്കാർ സൈബർപാർക്കിലെ സോഫ്റ്റ്‌വെയർ കയറ്റുമതി വരുമാനം. 2021-2022 സാമ്പത്തികവർഷം 55.7 കോടി രൂപയുടെ കയറ്റുമതി വരുമാനം സൈബർപാർക്ക് നേടി.



## പുതിയ സ്ഥാപനങ്ങൾ തൊഴിലവസരങ്ങൾ

പുതുതായെത്തുന്ന നിരവധി കമ്പനികൾ ഒരുക്കുന്ന തൊഴിലവസരങ്ങൾ മലബാറിന്റെ ഐ.ടി ഭൂപടത്തിൽ നേട്ടങ്ങൾ കുറിക്കുകയാണ്. 2022 ജനുവരിക്കുശേഷംമാത്രം സൈബർപാർക്കിൽ പതിനേഴ് കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഇതുവഴി നിരവധി തൊഴിലവസരങ്ങൾ തുറക്കപ്പെട്ടു. നിലവിൽ സൈബർപാർക്കിലെ ആദ്യ കെട്ടിടമായ സഹ്യയിൽ 98 ശതമാനം സ്ഥലത്തും കമ്പനികൾ പ്രവർത്തിക്കുന്നു. വാംഷെൽ സ്പെയ്സ് (കമ്പനികൾ സ്വയം സൗകര്യങ്ങൾ ഒരുക്കുന്ന രീതി) പൂർണമായും വിവിധ കമ്പനികൾ ഏറ്റെടുത്തു കഴിഞ്ഞു. ഇനി ശേഷിക്കുന്നത് ഏതാനും പ്ലഗ് ആൻഡ് പ്ലേ (സൗകര്യങ്ങളുള്ള സ്ഥലത്തേക്ക് കമ്പനികളെത്തി നേരിട്ട് പ്രവർത്തനം തുടങ്ങുന്ന രീതി) യൂണിറ്റുകൾ മാത്രമാണ്. 75 ശതമാനം ഐ.ടി സ്പെയ്സും 25 ശതമാനം കൊമേഴ്സ്യൽ സ്പെയ്സുമുള്ള നാല് ലക്ഷം ചതുരശ്രയടി വിസ്തൃതിയുള്ള പുതിയ കെട്ടിടം (നോൺ സെസ്) നിർമ്മിക്കാൻ സർക്കാരിന് നിലവിൽ അപേക്ഷ നൽകിക്കഴിഞ്ഞു. നിലവിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കാനായി പങ്കാളികളെയും ക്ഷണിക്കുന്നുണ്ട്. കൂടാതെ ജീവനക്കാർക്കായി സൈബർപാർക്കിനുള്ളിൽ ഫുട്ബോൾ ടർഫ്, ബാഡ്മിന്റൺ, ബാസ്കറ്റ് ബോൾ കോർട്ടുകൾ തുടങ്ങിയവയും ഐ.ടി വികസനത്തിനാവശ്യമായ മറ്റ് സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ■

## കയറ്റുമതി

### വർഷാവർഷം വളർച്ചയിൽ

2017 - 18 സാമ്പത്തികവർഷം ആറ് കമ്പനികളിലായി 107 ജീവനക്കാരുമായി പ്രവർത്തിച്ചിരുന്ന സൈബർപാർക്കിന്റെ കയറ്റുമതി വരുമാനം 3.01 കോടി രൂപയായിരുന്നു. 2018 - 19 സാമ്പത്തിക വർഷം അത് 20 കമ്പനികളും 482 ജീവനക്കാരുമായി ഉയർന്നു. കയറ്റുമതി വരുമാനം 8.1 കോടി രൂപയായി. 2019 - 20 സാമ്പത്തിക വർഷം 38 കമ്പനികളിലായി 575 ജീവനക്കാർ സൈബർ പാർക്കിൽ പ്രവർത്തിച്ചു. 14.76കോടി രൂപയായിരുന്നു കയറ്റുമതി വരുമാനം.

2020 - 21 സാമ്പത്തിക വർഷം 58 കമ്പനികളും 764 ജീവനക്കാരുമായി 26.16 കോടി രൂപയുടെ കയറ്റുമതി വരുമാനം സൈബർപാർക്ക് നേടി. 2021 - 22 സാമ്പത്തിക വർഷത്തിൽ ഇത് 67 കമ്പനികളും 1200 ജീവനക്കാരുമായി ഉയർന്നു. കയറ്റുമതി വരുമാനം 55.7 കോടി രൂപയായി ഉയർന്നു.

നിലവിൽ 85 കമ്പനികളിലായി രണ്ടായിരത്തോളം ജീവനക്കാരാണ് സൈബർപാർക്കിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ ഇരട്ടിയാണ് ഇത്തവണ പ്രതീക്ഷിക്കുന്ന കയറ്റുമതി വരുമാനം. ■

> 2022 ജനുവരിക്കശേഷംമാത്രം സൈബർപാർക്കിൽ പതിനേഴ് കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഇതുവഴി നിരവധി തൊഴിലവസരങ്ങൾ തുറക്കപ്പെട്ടു



# ഇൻഫോപാർക്ക് ഉയർച്ചയും വളർച്ചയും

## കൊച്ചി, കലൂർ, ചേർത്തല, തൃശ്ശൂർ ക്യാമ്പസുകളിലായി ഇൻഫോപാർക്ക് നേടുന്ന സ്ഥിരതയാർന്ന വളർച്ച



**സുശാന്ത് കുറന്തിൽ**
സി.ഇ.ഒ. ഇൻഫോപാർക്ക്

രാജ്യത്തെ ഐ.ടി വികസനത്തിൽ നിർണായക പങ്കുവഹിച്ച് മുന്നേറുകയാണ് ഇൻഫോപാർക്ക്. ഐ.ടി കയറ്റുമതിയിലും തൊഴിൽ സൃഷ്ടിയിലും വർധനയുണ്ടാക്കുന്നതിന് പുറമേ ഭാവിയെ മുൻനിർത്തിയുള്ള പുതിയ നിർമ്മാണപ്രവർത്തനങ്ങളും നടത്തിക്കൊണ്ടാണ് ഇൻഫോപാർക്കിന്റെ വളർച്ച. സംസ്ഥാനത്തെ ഐ.ടി കയറ്റുമതി വരുമാനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ശ്രദ്ധേയമായ നേട്ടമാണ് ഇൻഫോപാർക്ക് നേടിയത്. 2021 -22 സാമ്പത്തിക വർഷം 8,500 കോടി രൂപയുടെ സോഫ്റ്റ്‌വെയർ കയറ്റുമതിവരുമാനം ഇൻഫോപാർക്ക് നേടി.

കൂടാതെ ജീവനക്കാരുടെ എണ്ണത്തിലും ഇൻഫോപാർക്കിൽ വൻ വർധനയുണ്ടായിരിക്കുന്നു. 12,600 പേരാണ് 2021 -22 സാമ്പത്തികവർഷം മാത്രം ഇൻഫോപാർക്കിൽ ജോലി നേടിയത്. 9.2 ദശലക്ഷം ചതുരശ്രയടി സ്ഥലത്ത് 572 കമ്പനികളിലായി ആകെ 64,900 പേർ നിലവിൽ ഇൻഫോപാർക്കിൽ ജോലിചെയ്യുന്നുണ്ട്.

കൊച്ചി ഇൻഫോപാർക്കിൽ രണ്ട് ഫെയ്സുകളിലും 395 കമ്പനികളിലുമായി 62,400 ജീവനക്കാരും തൃശ്ശൂർ ഇൻഫോപാർക്കിൽ 49 കമ്പനികളിലായി 1,800 ജീവനക്കാരും ചേർത്തല ഇൻഫോപാർക്കിൽ 18 കമ്പനികളിലായി 350 ജീവനക്കാരും കലൂർ ടി.ബി.സിയിൽ 110 കമ്പനികളിലായി 350 ജീവനക്കാരും ജോലി ചെയ്യുന്നു.

> 2021 -22 സാമ്പത്തികവർഷം 8,500 കോടി രൂപയുടെ സോഫ്റ്റ്‌വെയർ കയറ്റുമതിവരുമാനം ഇൻഫോപാർക്ക് നേടി

### വികേന്ദ്രീകൃത ഐ.ടി. വികസനം

എമർജിങ്ങ് ടെക്നോളജി ഡെസ്റ്റിനേഷനായാണ് കൊരട്ടിയിലെ ഇൻഫോപാർക്കിന്റെ വളർച്ച. ഇ-കൊമേഴ്സ്, ഡിജിറ്റൽ മാർക്കറ്റിങ്ങ് എന്നിവ കൈകാര്യം ചെയ്യുന്ന ഇവിടത്തെ കമ്പനികൾ ഭാവി സാങ്കേതികവിദ്യയിലധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്. ഒമ്പത് വില്ലകളിലും ഏഴുനില കെട്ടിടസമുച്ചയത്തിലുമായാണ് തൃശ്ശൂർ ഇൻഫോപാർക്കിന്റെ പ്രവർത്തനം.

ഗ്രാമീണപശ്ചാത്തലത്തിൽ ടെക്നോളജി വികസനം സാധ്യമാക്കിയാണ് ചേർത്തല ഇൻഫോപാർക്ക് കേരളത്തിന്റെ ഐ.ടി ഭൂപടത്തിൽ ഇടംപിടിക്കുന്നത്. സംസ്ഥാനസർക്കാരിന്റെ കേരളാ വീഡിയോ കോൺഫറൻസ് പ്ലാറ്റ്ഫോമായ വീകൺസോളിന്റെ നിർമ്മാതാക്കളായ ടെക്ജെൻഷ്യ അടക്കമുള്ള കമ്പനികൾ ചേർത്തല ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്.

കൊച്ചി കലൂരിലെ ഇൻഫോപാർക്ക് ടെക്നോളജി ബിസിനസ് സെന്ററിൽ (ടി.ബി.സി) പ്രവർത്തിക്കുന്നതിൽ ഭൂരിഭാഗവും ഇടത്തരം കമ്പനികളും സ്റ്റാർട്ടപ്പുകളുമാണ്.



## കയറ്റുമതിവരുമാനം

| | |
|---|---|
| 2020-21 | 6,310 കോടി രൂപ |
| 2021-22 | 8,500 കോടി രൂപ |

2,190 കോടി രൂപയുടെ വളർച്ച.
മുൻവർഷത്തേക്കാൾ 34.70 ശതമാനം കൂടുതൽ

## തൊഴിൽ

| | |
|---|---|
| നിലവിൽ- | 64,900 പേർ |
| പുതുതായി ജോലിനേടിയവർ | 12,600 പേർ (2021 -22) |

മുൻവർഷത്തേക്കാൾ 24.7 ശതമാനം പേർ കൂടുതൽ

## റേറ്റിങ്ങിൽ ഉയർച്ച

2004 ൽ പ്രവർത്തനം ആരംഭിച്ച ഇൻഫോപാർക്ക് ചുരുങ്ങിയ കാലംകൊണ്ട് ദേശീയതലത്തിലും ആഗോളതലത്തിലും ശ്രദ്ധിക്കപ്പെട്ടു. കോവിഡ് മഹാമാരിയുടെ കാലത്തുപോലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കയറ്റുമതിവരുമാനത്തിലും ഇൻഫോപാർക്ക് നേട്ടം കൊയ്തു. കഴിഞ്ഞ രണ്ടരവർഷമായി 16 ശതമാനത്തോളം പുതിയ തൊഴിലവസരങ്ങൾ ഇൻഫോപാർക്കിൽ സൃഷ്ടിക്കപ്പെട്ടു. തൊഴിൽമേളകളും ഇന്റേൺഷിപ്പ് ഫെയറുകളും ഇതിന് തുണയായി. ധനകാര്യസ്ഥാപനങ്ങൾക്ക് ക്രിസിൽ (ക്രെഡിറ്റ് റേറ്റിങ്ങ് ഇൻഫർമേഷൻ സർവീസ് ഓഫ് ഇന്ത്യ ലിമിറ്റഡ്) നൽകുന്ന റേറ്റിങ്ങിൽ ഇൻഫോപാർക്ക് എ മൈനസിൽ നിന്ന് എ സ്റ്റേബിളിലേക്ക് ഉയർന്നു. സാമ്പത്തികനിലയിൽ കൃത്യമായ പുരോഗതി ഉറപ്പാക്കുകയും സംസ്ഥാനസർക്കാരിന്റെ സഹായത്തോടെ പദ്ധതികളിൽ കൃത്യമായി പണം ചെലവഴിക്കുകയും ഭാവിയെ മുൻനിർത്തി പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നത് പരിഗണിച്ചാണ് അംഗീകാരം. പുതിയ സംസ്ഥാന ബജറ്റിൽ ഇൻഫോപാർക്കിന്റെ വികസനപ്രവർത്തനങ്ങൾക്കായി 35.75 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

## വരുന്നത് വലിയ വളർച്ച

ഐ.ബി.എം ഇന്ത്യ ഇൻഫോപാർക്കിൽ സോഫ്റ്റ്‌വെയർ ലാബ് ആരംഭിച്ചതോടെ കൊച്ചി ആഗോള ഐ ടി ഭൂപടത്തിൽ അടയാളപ്പെട്ടു. എച്ച്സിഎൽ ഇൻഫോപാർക്കിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഒരുങ്ങുകയാണ്. ഇതിനുപുറമേ കാക്കനാട്ടുള്ള ഇൻഫോപാർക്ക് ക്യാമ്പസിൽ ജിയോജിത്ത്, ജിയോൺ എയർ ഗ്രൂപ്പ് തുടങ്ങിയ കമ്പനികൾ ഐ ടി സമുച്ചയങ്ങൾ നിർമ്മിക്കുകയാണ്. ഇൻഫോപാർക്ക് ഫെയ്സ് വണ്ണിൽ രണ്ടരഏക്കർ സ്ഥലത്തായി ഏഴ് ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിലായി ജിയോൺ എയർ ഗ്രൂപ്പിന്റെ 12 നില കെട്ടിടവും ഇൻഫോപാർക്ക് ഫെയ്സ് രണ്ടിൽ ഒന്നേകാൽ ഏക്കർ സ്ഥലത്തായി ഒന്നേകാൽ ലക്ഷത്തോളം ചതുരശ്രയടി വിസ്തീർണ്ണത്തിലായി ജിയോജിത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളും ഒരുങ്ങുന്നുണ്ട്.

ഇൻഫോപാർക്ക് ഫെയ്സ് ടുവിൽ ഒമ്പത് നിലകളിലായി പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന മുക്കാടൻ ഗ്രൂപ്പിന്റെ കാസ്പിയൻ ടെക്പാർക്ക് ഐ.ടി. സമുച്ചയം (ഡൊമെസ്റ്റിക് താരിഫ് ഏരിയ), ഇൻഫോപാർക്ക് ഫെയ്സ് വണ്ണിൽ ഉദ്ഘാടനം ചെയ്യാനിരിക്കുന്ന ഐ.ബി.എസിന്റെ പുതിയ ക്യാമ്പസ്, അടുത്ത മൂന്ന് വർഷത്തിനകം ഇൻഫോപാർക്ക് ഫെയ്സ് വണ്ണിൽ 1.6 ഏക്കറിലായി ഒരുക്കാനുദ്ദേശിക്കുന്ന പുതിയ ഇൻഫോപാർക്ക് കെട്ടിടം തുടങ്ങിയവ കൊച്ചിയുടെ പുരോഗതിയിൽ നാഴികക്കല്ലാകുമെന്നതിൽ സംശയമില്ല. ഈ പദ്ധതികളെല്ലാം കൂടുതൽ കമ്പനികളെയും ജീവനക്കാരെയും ഇൻഫോപാർക്കിലേക്കെത്തിക്കും.

## കോ-വർക്കിങ്ങ് സൗകര്യങ്ങളും ലഭ്യം

പ്ലഗ് ആൻഡ് പ്ലേ മോഡൽ, വാം ഷെൽ മോഡൽ ഓഫീസ് സംവിധാനങ്ങൾക്ക് പുറമെ കോ-വർക്കിങ്ങ് ഓഫീസ് സൗകര്യവും ഇൻഫോപാർക്കിൽ ലഭ്യമാണ്. സംസ്ഥാനസർക്കാരിന്റെ പദ്ധതിയായ വർക്ക് നിയർ ഹോമിന്റെ പ്രവർത്തനങ്ങളും ഇൻഫോപാർക്കിന് പുതിയ ഊർജം പകരും. ■





# ഏണറം ഉന്നമത്

## 1994ൽ രണ്ട് കമ്പനികളുമായി 1,07,00 ചതുരശ്രയടി സ്ഥലത്ത് ആരംഭിച്ച ടെക്നോപാർക്കിൽ ഇന്ന് 1,06,07,527 ചതുരശ്രയടി സ്ഥലത്തായി 470 കമ്പനികൾ പ്രവർത്തിക്കുന്നു



**സഞ്ജീവ് നായർ**
സി.ഇ.ഒ. ടെക്നോപാർക്ക്

ഏഷ്യയിലെ തന്നെ ആദ്യ ഐ.ടി പാർക്കായ ടെക്നോപാർക്ക് അനുദിനം വികസനക്കുതിപ്പ് രേഖപ്പെടുത്തി ഇന്നും കേരളത്തിന്റെ അഭിമാനമായി നിലകൊള്ളുന്നു. സംസ്ഥാനത്തിന്റെ ഐ.ടി വരുമാനത്തിൽ എല്ലാ സാമ്പത്തിക വർഷവും കൃത്യമായ പുരോഗതി കാഴ്ചവെച്ചാണ് ടെക്നോപാർക്കിന്റെ വളർച്ച. സംസ്ഥാനത്തെത്തുന്ന വൻകിട ഐ.ടി കമ്പനികൾക്കൊപ്പം, കേരളത്തിൽ ആരംഭിച്ച് മികച്ച നിലയിൽ പ്രവർത്തിക്കുന്ന ഒട്ടേറെ ഐ.ടി കമ്പനികളും ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്നുണ്ട്. അരക്കോടി രൂപയായിരുന്ന കയറ്റുമതി വരുമാനം ഇന്ന് 9,775 കോടി രൂപയിലെത്തി നിൽക്കുന്നു. ഐ ടി ജീവനക്കാരുടെ എണ്ണം 155ൽ നിന്ന് 70,000 ആയി ഉയർന്നു.

ഓരോ സാമ്പത്തിക വർഷവും കൂടുതൽ കൂടുതൽ കമ്പനികളാണ് ടെക്നോപാർക്കിലേക്ക് എത്തുന്നത്. ലോകോത്തര നിലവാരത്തിലുള്ള സൗകര്യങ്ങൾ അവർക്ക് ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ്

| സ്ഥലം | | വിസ്തീർണ്ണം | സൃഷ്ടിക്കപ്പെടുന്ന തൊഴിൽ |
|---|---|---|---|
| ടെക്നോപാർക്ക് ഫെയ്സ് വൺ | ബ്രിഗേഡ് | 2 ലക്ഷം ചതുരശ്ര അടി | 2,000 |
| ടെക്നോപാർക്ക് ഫെയ്സ് ത്രീ | വിൻവിഷ് ടെക്നോളജീസ് | 1 ലക്ഷം ചതുരശ്ര അടി | 1,000 |
| ടെക്നോപാർക്ക് ഫെയ്സ് ത്രീ | ടെക്നോപാർക്ക് | 4 ലക്ഷം ചതുരശ്ര അടി | 4,000 |
| ടെക്നോപാർക്ക് ഫെയ്സ് ത്രീ | ടോറസ് | 24 ലക്ഷം ചതുരശ്ര അടി | 24,000 |
| ടെക്നോപാർക്ക് ഫെയ്സ് ത്രീ | സ്പെരിഡിയൻ | 4.5 ലക്ഷം ചതുരശ്ര അടി | 3,000 |
| ടെക്നോപാർക്ക് ഫെയ്സ് ഫോർ | കെ.എസ്.ഐ.ടി.ഐ.എൽ | 2 ലക്ഷം ചതുരശ്ര അടി | 1,000 |
| ടെക്നോപാർക്ക് ഫെയ്സ് ഫോർ | ടി.സി.എസ് | 5 ലക്ഷം ചതുരശ്ര അടി | 5,000 |



ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിങ്ങ്, പാർപ്പിടം, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയുൾപ്പെടെ എല്ലാ സൗകര്യങ്ങളുമുള്ള സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയാണ് ക്വാഡ്

ശ്രീലാസ് സി. പി, ഐപിആർഡി

സർക്കാരിന്റെയും ടെക്നോപാർക്ക് അധികൃതരുടെയും ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. അടുത്ത അഞ്ച് വർഷത്തിനകം 53,000 പേർക്ക് തൊഴിൽ ഉറപ്പാക്കാൻ വേണ്ട സൗകര്യങ്ങളൊരുക്കാനാണ് ലക്ഷ്യം. നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനും ജീവനക്കാർക്ക് ആവശ്യമുള്ള സൗകര്യങ്ങളൊരുക്കുന്നതിനും പുറമേ പുതിയ കെട്ടിടനിർമ്മാണങ്ങളും പരിഗണനയിലുണ്ട്.

## ടെക്നോസിറ്റിയിൽ ക്വാഡ് ക്യാമ്പസ്

ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ ക്വാഡ് പദ്ധതി നടപ്പാക്കാൻ സംസ്ഥാനമന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിങ്ങ്, പാർപ്പിടം, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയുൾപ്പെടെ എല്ലാ സൗകര്യങ്ങളുമുള്ള സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയാണ് ക്വാഡ്. ഏകദേശം 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കിൽ പദ്ധതി പൂർത്തിയാകുമ്പോൾ 40 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയ്സ് സൃഷ്ടിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2025 പകുതിയോടെ പദ്ധതി പൂർത്തിയാക്കുകയാണ് ലക്ഷ്യം.

## പുതിയ കെട്ടിടസമുച്ചയങ്ങൾ

5.5 ഏക്കറിൽ ഏകദേശം 381 കോടി രൂപ മുതൽമുടക്കിൽ 8.50 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി ഓഫീസ് കെട്ടിടം ടെക്നോപാർക്ക് നിർമ്മിക്കും. ടെക്നോപാർക്കിന്റെ തനത് ഫണ്ട് ഉപയോഗിച്ചോ വായ്പ എടുത്തോ പൂർണ്ണമായും വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന കെട്ടിടം പാട്ടത്തിനും നൽകും. 6,000 ഐ.ടി പ്രൊഫഷണലുകളെ ഉൾക്കൊള്ളാനുള്ള ശേഷി കെട്ടിടത്തിനുണ്ടാകും. 5.6 ഏക്കറിൽ 350 കോടി രൂപ ചെലവിൽ 9 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള മിക്സഡ് യൂസ് വാണിജ്യ സൗകര്യം ഏർപ്പെടുത്തും. 4.5 ഏക്കറിൽ 400 കോടി രൂപ മുതൽമുടക്കിൽ ഐ.ടി കോ-ഡെവലപ്പർ വികസിപ്പിക്കുന്ന 8 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി/ഐ.ടി.ഇ.എസ് ഓഫീസ് സമുച്ചയം നിർമ്മിക്കും. 10.6 ഏക്കറിൽ 450 കോടി രൂപ മുതൽമുടക്കിൽ 14 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ കോംപ്ലക്സും ഉണ്ടാകും. ■

# കേരളത്തെ കോർത്തിണക്കാൻ



**ഡോ. സന്തോഷ് ബാബു** ഐ.എ.എസ് (റിട്ടയേർഡ്)
മാനേജിങ്ങ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

സ്വന്തമായി ഇന്റർനെറ്റ് സംവിധാനം ഉള്ള രാജ്യത്തെ ആദ്യ സംസ്ഥാനമായി മാറാൻ ഒരുങ്ങുകയാണ് കേരളം. അരികുവൽക്കരിക്കപ്പെട്ട വരിലേക്കാണ് ഈ നൂതന സംവിധാനം ആദ്യം എത്തുക എന്നതാണ് കെ-ഫോൺ എന്ന പദ്ധതിയുടെ മേന്മ. ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള 14,000 കുടുംബങ്ങളിലാണ് കെ-ഫോൺ ഉപയോഗിച്ചുള്ള ഇന്റർനെറ്റ് കണക്ഷൻ ആദ്യം ലഭ്യമാക്കുന്നത്. 140 നിയമസഭാമണ്ഡലങ്ങളിലും നൂറു കുടുംബങ്ങളെ വീതമാണ് തിരഞ്ഞെടുക്കുന്നത്. ഈ കുടുംബങ്ങൾക്ക് ദിവസേന 1.5 ജി.ബി ഡാറ്റ 15 എം.ബി.പി.എസ് വേഗത്തിൽ സൗജന്യമായി ലഭിക്കും. ഇത്തരത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർ നെറ്റ് സേവനം ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒന്നൊഴിയാതെ കേരളത്തിലെ എല്ലാ ഗ്രാമാന്തരങ്ങളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുമ്പോ ഴാണ് കെ-ഫോൺ എന്ന ഉദാത്തമായ ആശയം പൂർണതയിലെത്തുക.

സാധാരണക്കാരന് ഗുണകരമാകുന്ന ഡിജിറ്റൽവൽക്കരണമാണ് കെ-ഫോൺ ലക്ഷ്യമിടുന്നത്. രണ്ട് രീതിയിലാണ് ഇത് സാധ്യമാക്കുക.

- സംസ്ഥാനവ്യാപകമായി ഓപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ച് മുപ്പതി നായിരത്തിലധികം വരുന്ന സർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുക
- കെ-ഫോൺ അടിസ്ഥാനസൗകര്യം പ്രയോജനപ്പെടുത്തി, സാമ്പത്തിക മായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുക

## പരിമിതികളില്ലാത്ത കണക്ഷൻ

ഡിജിറ്റൽ ഭരണസംവിധാനം ഒരുക്കുന്നതിൽ നിർണായക ചുവടുവയ്പുകൾ നടത്തിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ ഇ-ഗവേണൻസ് ശൃംഖലയുടെ പ്രധാന അടിസ്ഥാനമെന്നത് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് അഥവാ കെ-സ്വാൻ ആയിരുന്നു. സർക്കാർ അനുവദിച്ചിരുന്ന റൈറ്റ് ഓഫ് വേയ്ക്ക് പകരം സ്വകാര്യ സർവീസ് പ്രൊവൈഡർ മാർ നൽകിയിരുന്ന ബാൻഡ്‌വിത്ത് ആണ് ഈ സംവിധാനത്തിനായി ഉപയോഗപ്പെടുത്തിയിരുന്നത്. എന്നാൽ, ഇതിലൂടെ 3800 സർക്കാർ



ഓഫീസുകളെ മാത്രമേ ബന്ധിപ്പിക്കാൻ സാധിച്ചിരുന്നുള്ളൂ. സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിരുന്ന ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിന് മറ്റ് സർക്കാർ ഓഫീസുകൾ സ്വകാര്യ സർവീസ് പ്രൊവൈഡർമാരിൽ നിന്ന് ഇന്റർനെറ്റ് ബാൻഡ്‌വിത്ത് ലീസിന് എടുത്തുവരികയായിരുന്നു. കെ-സ്വാനിന്റെ പരിമിതികൾ മനസ്സിലാക്കിയതിനാൽ, എല്ലാ സർക്കാർ ഓഫീസുകളിലും ലഭ്യമാകുന്ന, ഗുണനിലവാരവും സുരക്ഷയും ഉറപ്പുവരുത്താൻ കഴിയുന്ന ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കണമെന്ന് സർക്കാർ തീരുമാനിച്ചു. മാത്രമല്ല, ഭാവിയിലെ ബാൻഡ്‌വിത്ത് ആവശ്യങ്ങൾ കൂടി പരിഹരിക്കാൻ ഉതകുന്ന സംവിധാനം ആവശ്യമാണ്. ഇതിനെല്ലാമുള്ള ഉത്തരമാണ് കെ-ഫോൺ.

> നിലവിൽ 14,500 സർക്കാർ ഓഫീസുകളിൽ കെ ഫോൺ വഴി അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭിക്കുന്നുണ്ട്. ശേഷിക്കുന്ന ഓഫീസുകൾ കെ ഫോൺ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.
>
> എണ്ണായിരത്തോളം വീടുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്

സംസ്ഥാന സർക്കാർ രൂപം നൽകിയ കമ്പനിയാണ് കെ-ഫോൺ. കെ.എസ്.ഇ.ബിക്കാണ് ഉടമസ്ഥാവകാശം. പദ്ധതി നടത്തിപ്പിൽ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മുഖ്യപങ്ക് വഹിക്കുന്നു.

## സൗജന്യ കണക്ഷൻ

35,000 കിലോമീറ്റർ നീളത്തിൽ ഓപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ചും സംസ്ഥാനത്തൊട്ടാകെ 375 പോയിന്റ് ഓഫ് പ്രസൻസ് നിർമ്മിച്ചുമാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്.

സംസ്ഥാനത്തെ നാല് സോണുകളായി തിരിച്ച് ഓരോ മേഖലയിലുമുള്ള ഇന്റർനെറ്റ് സർവീസ് പ്രൊവൈഡറെ ടെൻഡറിലൂടെ തിരഞ്ഞെടുക്കും. ഈ കമ്പനികൾക്ക് സബ്സിഡി നിരക്കിൽ സർക്കാർ ബാൻഡ്‌വിത്ത് നൽകും. ഇതിന് പകരമായി സർവീസ് പ്രൊവൈഡർമാർ പാവപ്പെട്ടവരുടെ വീടുകളിലേക്ക് സൗജന്യമായി ഇന്റർനെറ്റ് എത്തിക്കും. മാസം തോറും 124 രൂപയാണ് ഇതിനുള്ള വാടകയായി കണക്കാക്കിയിട്ടുള്ളത്. ഈ തുക സർക്കാർ വഹിച്ചുകൊണ്ടാണ് ദരിദ്ര കുടുംബങ്ങളിലേക്ക് സൗജന്യമായി ഇന്റർനെറ്റ് എത്തിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് മാസം തോറും 224 രൂപ നിരക്കിലാകും ഇന്റർനെറ്റ് ലഭിക്കുക.

ഇന്നിപ്പോൾ ഡാറ്റ അടിസ്ഥാനമാക്കിയുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾക്കപ്പുറം, ബാൻഡ്‌വിത്ത് കൂടുതലായി ഉപയോഗപ്പെടുത്തുന്ന ആപ്ലിക്കേഷനുകൾക്കാണ് പ്രചാരം. അതിനൂതന സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക് ചെയിൻ, മെഷീൻ ലേണിങ്, ഓഗ്മെന്റഡ് റിയാലിറ്റി, വിർച്വൽ റിയാലിറ്റി എന്നിവയാണ് ഇന്നത്തെ ഡിജിറ്റൽ ലോകത്തെ വാർത്തെടുക്കുന്നത്. ബ്രോഡ്ബാൻഡ് ആണ് ഡിജിറ്റൽ ലോകത്തിന്റെ നട്ടെല്ല്. സംസ്ഥാനത്തിന്റെ ഡിജിറ്റൽ മണ്ഡലത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കെ-ഫോണിനാകും. ■




# സംരംഭകർ സന്തുഷ്ടരാണ്

## ലൈസൻസിങ്ങ് പ്രക്രിയ ഓൺലൈനാക്കിയും അനാവശ്യ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞും സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ കേരള സർക്കാരിന് കഴിഞ്ഞു



**എസ്. എൻ. രഘുചന്ദ്രൻ നായർ**
പ്രസിഡന്റ്, ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ടിസിസിഐ)

ലോകത്തെമ്പാടുമുള്ള ഡിജിറ്റൽ പരിവർത്തന സംരംഭങ്ങളുടെ ആധാരം തന്നെ കൂടുതൽ മൂല്യം സൃഷ്ടിക്കുക എന്നതാണ്. മത്സരാധിഷ്ഠിത ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ മുന്നേറണമെങ്കിൽ ഭൂമി, തൊഴിൽ, മൂലധനം, സംരംഭകത്വം എന്നിവയോളം തന്നെ പ്രധാനമാണ് ഭരണനിർവഹണ സംവിധാനങ്ങളുടെ നവീകരണവും.

### കേരളം ഏറെ മുന്നിൽ

2021-ലെ ദേശീയ ഇ-ഗവേണൻസ് സർവീസ് ഡെലിവറി അസെസ്മെന്റ് (നെഎസ്ഡിഎ) പ്രകാരം രാജ്യത്ത് ഏറ്റവും ഉയർന്ന കംപ്ലയൻസ് സ്കോർ നേടിയത് കേരളമാണ്. പ്രാദേശിക ഭരണം, യൂട്ടിലിറ്റി സേവനങ്ങൾ, സാമൂഹിക ക്ഷേമം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ പ്രകടനം ഏറെ മുന്നിലാണ്.

പ്രവേശനക്ഷമത, വിവരങ്ങളുടെ ലഭ്യത, ഉപയോഗിക്കാനുള്ള എളുപ്പം, വിവര സുരക്ഷ, സ്വകാര്യത എന്നിവയിൽ പ്രകടമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എൻഡ്-സർവീസ് ഡെലിവറി, ഇന്റഗ്രേറ്റഡ് സർവീസ് ഡെലിവറി, സ്റ്റാറ്റസ് ആൻഡ് റിക്വസ്റ്റ് ട്രാക്കിങ്ങ് എന്നിവയും മികച്ചു നിൽക്കുന്നു.

### വ്യവസായാന്തരീക്ഷം മെച്ചപ്പെട്ടു

കേരള സർക്കാർ നടപ്പിലാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഇ-ഗവേണൻസ് നടപടികളിലൊന്ന് ഏകജാലക സംവിധാനമാണ്. ബിസിനസുകൾക്ക് ആവശ്യമായ അനുമതികൾക്കും ലൈസൻസുകൾക്കും ഓൺലൈൻ പോർട്ടലിലൂടെ അപേക്ഷിക്കാം എന്നത് സംരംഭകർ സർക്കാർ ഓഫീസുകൾ കയറി ഇറങ്ങേണ്ട അവസ്ഥ ഒഴിവാക്കി. ലൈസൻസിങ്ങ് പ്രക്രിയ

കാര്യക്ഷമവും സുതാര്യവുമായി എന്ന് പൊതുവെ വിലയിരുത്താം.

നികുതികളും ഫീസും ഓൺലൈനായി അടയ്ക്കാൻ അനുവദിക്കുന്നതിലൂടെ പേപ്പർ അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്റേഷന്റെ ആവശ്യകത നന്നേ കുറഞ്ഞിട്ടുണ്ട്. നിയമങ്ങളും അതിന്റെ സമയക്രമവും പാലിക്കുന്നതിന് ഇത് സഹായകരമാണ്. ഓൺലൈൻ പരാതിപരിഹാര സംവിധാനവും പുരോഗതി ട്രാക്കുചെയ്യുന്നതിനുള്ള മാർഗങ്ങളും ശരിയായി നടപ്പിലാക്കിയാൽ സംരംഭകരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ കഴിയും.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 2019-ലെ 28-ാം സ്ഥാനത്ത് നിന്ന് 15-ാം റാങ്കിലേക്ക് ഉയർന്നതിൽ ഓൺലൈൻ സേവന വിതരണത്തിൽ വന്ന പുരോഗതിക്ക് പ്രധാന പങ്കുണ്ട്. ഒരു കാലത്ത് പ്രബലമായിരുന്ന ഇൻസ്പെക്ഷൻ രാജ് നിയന്ത്രിക്കാനും അഴിമതി കുറയ്ക്കാനും ഇ-ഗവേണൻസ് ഉപകരിക്കും.

സെക്രട്ടേറിയറ്റ്, ജില്ലാ കളക്ടറേറ്റുകൾ, കെഎസ്ഐഡിസി ഉൾപ്പെടെയുള്ള വ്യവസായപ്രോത്സാഹന രംഗത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലുടനീളമുള്ള ഇ-ഓഫീസ് ശൃംഖല ഫയൽനീക്കവും അതുവഴി തീരുമാനമെടുക്കലും വേഗത്തിലാക്കി. അപേക്ഷകളുടെ ട്രാക്കിങ്ങ് എളുപ്പമാക്കുന്നതിനും നടപടിക്രമങ്ങളുടെ സുതാര്യത കൂട്ടുന്നതിനും സഹായകമായി. പല നിയന്ത്രണ സംവിധാനങ്ങളും ലളിതമാകുകയും കൂടുതൽ കാര്യക്ഷമമാകുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന കെ-സ്മാർട്ട് പദ്ധതി ഇ-സേവന വിതരണം താഴെത്തട്ടിൽ വരെ എത്തിക്കുന്നതിനുള്ള വലിയ ചുവടുവയ്പാണ്. പ്രാരംഭഘട്ടത്തിൽ ജനന, മരണ രജിസ്ട്രേഷൻ, ട്രേഡ് ലൈസൻസ്, പൊതുജന പരാതിപരിഹാര അപേക്ഷകൾ എന്നിവ കെ-സ്മാർട്ട് വഴി ലഭ്യമാകും എന്നാണ് പ്രഖ്യാപനം. ബിൽഡിങ്ങ് പെർമിറ്റ് അപേക്ഷകൾ ഉൾപ്പെടെയുള്ള സേവനങ്ങളും ഈ വർഷാവസാനത്തോടെ സമന്വയിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടെ ഇ-ഗവേണൻസിൽ കേരളം ബഹുദൂരം മുന്നോട്ടു പോകും.

വ്യവസായം, റവന്യൂ, നികുതി, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, മലിനീകരണനിയന്ത്രണം തുടങ്ങി വ്യവസായ രംഗവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സംവിധാനങ്ങളും ഡിജിറ്റൽവൽക്കരിക്കുന്നതിലൂടെ മാത്രമേ വ്യവസായസൗഹൃദസംസ്ഥാനം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ കഴിയൂ.

## നിർദേശങ്ങൾ

റെഗുലേറ്ററി ക്ലിയറൻസുകൾ, സാമ്പത്തിക പാക്കേജുകൾ, സ്ത്രീകൾക്കും സ്റ്റാർട്ടപ്പുകൾക്കും പ്രത്യേക സഹായം എന്നിവ ഏകോപിപ്പിക്കാൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) നിർദേശിക്കുന്ന ഏകീകൃത സമീപനം ഓൺലൈനിൽ നടപ്പിലാക്കിയാൽ നിക്ഷേപകരുടെ ആത്മവിശ്വാസം വർധിക്കും.

ഓൺലൈൻ സംവിധാനങ്ങൾ അതിന്റെ ആത്യന്തിക ലക്ഷ്യം അട്ടിമറിക്കുന്നില്ല എന്നുറപ്പാക്കേണ്ട ചുമതല സർക്കാരിനുണ്ട്. പേര് വെളിപ്പെടുത്താൻ തയ്യാറാകാതെ കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം തുടങ്ങിയ പോർട്ടലുകൾ വഴി നൽകുന്ന പരാതികൾ സ്വീകരിക്കാൻ പാടില്ല.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് ഉറപ്പു വരുത്താൻ ഇ-ഇൻഫ്രാസ്ട്രക്ചറിന്റെയും ഐ.ടി. സംവിധാനങ്ങളുടെയും സ്വാധീനത്തെക്കുറിച്ച് അവബോധം വളർത്തുന്നതിന് സർക്കാരും വ്യവസായ സംഘടനകളും കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

ഭരണപരമായ പ്രക്രിയകളുടെ പുനഃക്രമീകരണം പൂർണതോതിൽ സാധ്യമാക്കി ഭരണസംവിധാനങ്ങളും സമൂഹവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ നാം ഇനിയുമേറെ മുന്നോട്ട് പോകണം. ■



# ഒന്നു തൊട്ടാൽ കൈയിലെത്തും സേവനം

## സർക്കാരിന്റെ ഓൺലൈൻ സേവനങ്ങൾക്ക് ഇ-സേവനം പോർട്ടലും മൊബൈൽ ആപ്പുകളും

സംസ്ഥാന സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ലഭ്യമാകുന്ന പോർട്ടൽ സംവിധാനമാണ് ഇ-സേവനം. വിവിധ വകുപ്പുകളുടെ 884 സേവനങ്ങൾ ലഭ്യമാകുന്ന കേന്ദ്രീകൃത പോർട്ടലാണ് ഇത്. സർക്കാർ സേവനങ്ങൾ വളരെ എളുപ്പത്തിൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് പോർട്ടൽ സജ്ജീകരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക - services.kerala.gov.in. സംസ്ഥാന സർക്കാർ നൽകുന്ന ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷനാണ് എം-സേവനം. ഏകദേശം 683 ഓൺലൈൻ സേവനങ്ങൾ ഈ ആപ് വഴി ഉപയോഗിക്കാം. ആൻഡ്രോയിഡ്, ഐ.ഒ.എസ് പ്ലാറ്റ്ഫോമുകളിൽ ആപ് ലഭ്യമാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ആപ്പിൾ ആപ് സ്റ്റോറിൽ നിന്നും മൊബൈൽ ആപ്പുകൾ ഡൗൺലോഡ് ചെയ്യാം. ഏറ്റവും സുഗമമായി ആപ് കൈകാര്യം ചെയ്യുന്നതിനായി വിവിധ വകുപ്പുകൾക്കും ഗുണഭോക്താക്കൾക്കും അനുസൃതമായി സേവനങ്ങൾ ലഭ്യമാണ്.

### സർക്കാർ സേവനങ്ങൾ ലഭ്യമാകുന്ന മൊബൈൽ ആപ്ലിക്കേഷനുകളിൽ ചിലത് അറിയാം:

- കുടുംബശ്രീ ബസാർ - കുടുംബശ്രീ ഉൽപന്നങ്ങളുടെ ഓൺലൈൻ ഷോപ്പിങ്ങ് ആപ്
- കേരള ടൂറിസം - കേരളത്തിലേക്കെത്തുന്ന വിനോദ സഞ്ചാരികൾക്കുള്ള ഔദ്യോഗിക ആപ്
- എന്റെ ജില്ല - ഓരോ ജില്ലയെ കുറിച്ചുമുള്ള പ്രധാനപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന സംവിധാനം
- എന്റെ കെ.എസ്.ആർ.ടി.സി - ഓൺലൈൻ ബുക്കിങ്ങിനായി
- എന്റെ റേഷൻ കാർഡ് - റേഷൻ കാർഡിലെ വിവരങ്ങൾ ഡിജിറ്റലായി സൂക്ഷിക്കുന്നു
- ഇ-രേഖ - ഭൂരേഖകളുടെയും ഭൂമി സംബന്ധമായ വിവരങ്ങളുടെയും ശേഖരം
- കേരള സവാരി - ഓൺലൈൻ വാഹന ബുക്കിങ്ങിനായി
- കുഞ്ഞാപ്പ് - കുട്ടികൾക്കെതിരായ സൈബർ അതിക്രമങ്ങൾ തടയാൻ
- കേരള പെൻഷൻ - സർക്കാർ സർവീസിൽനിന്ന് വിരമിച്ചവർക്കായി






- സാഗര - മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി
- പോൾ - ആപ്പ് - പോലീസിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ
- തണൽ - സംസ്ഥാന സർക്കാർ നൽകുന്ന സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് അറിയാം
- എം വി ഡി ഐ എം - വാഹനങ്ങളുടെയും ലൈസൻസിന്റെയും വിവരങ്ങൾ അറിയാൻ മോട്ടോർവാഹനവകുപ്പിന്റെ ആപ്പ്
- സമഗ്ര - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഡിജിറ്റൽ സേവനങ്ങൾ അറിയാം
- ലക്കി ബിൽ - ജിഎസ്ടി ഇൻവോയിസുകളും ബില്ലുകളും അപ് ലോഡ് ചെയ്യാനും ഭാഗ്യക്കുറി നറുക്കെടുപ്പിൽ പങ്കെടുക്കാനും ഉള്ള ആപ്പ്
- ഹരിതമിത്രം - ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള സംവിധാനം
- ഇ-സമൃദ്ധ - വെറ്ററിനറി ഡോക്ടർമാർ ഉപയോഗിക്കുന്ന ആപ്പ്
- കെ കെ ഇ എം - ജാലകം - തൊഴിലന്വേഷകരുടെ കൃത്യമായ വിവരം ശേഖരിക്കാനും നോളജ് ഇക്കോണമിയുടെ വിശദാംശങ്ങൾ ജനങ്ങളെ അറിയിക്കാനും
- വിദ്യാ വാഹൻ - രക്ഷിതാക്കൾക്ക് സ്കൂൾ വാഹനങ്ങളുടെ വേഗവും സ്ഥാനവും തത്സമയം അറിയാൻ
- തൊഴിൽ സേവ - തൊഴിൽനിയമങ്ങൾ  അറിയാൻ
- ഇ-വിപണി - കാർഷിക ഉൽപന്നങ്ങൾ വിൽക്കാനും വാങ്ങാനുമുള്ള പ്ലാറ്റ്ഫോം
- കാർഷിക വിവര സങ്കേതം - കാർഷിക വിപണിയെ കുറിച്ച് കർഷകർക്ക് വിവരം നൽകുന്ന ആപ്പ്
- കേരള സ്റ്റേറ്റ് ലോട്ടറി റിസൾട്ട് - സംസ്ഥാന ലോട്ടറി ഫലം തത്സമയം അറിയാം
- വിക്ടേഴ്സ് - ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ചാനൽ
- വി-മീറ്റ് - വീഡിയോ കോൺഫറൻസിങ്ങ് പ്ലാറ്റ്ഫോം
- റീബിൽഡ് കേരള - ദുരിതാശ്വാസ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകർക്കായി
- ഭാഷാമിത്രം  മലയാളം വാക്കുകളുടെ നിഘണ്ടു
- സപ്ലൈ കേരള - സപ്ലൈകോ ഉൽപന്നങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ
- നിർഭയം - സ്ത്രീകൾക്ക് അടിയന്തര പോലീസ് സഹായം ലഭ്യമാക്കാൻ ■



# വിളിപ്പുറത്തുണ്ട് പോലീസ്

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആധുനികസാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളാ പോലീസ് നടപ്പാക്കുന്ന പദ്ധതികൾ അനവധി. നിർമ്മിത ബുദ്ധിയുടെ സഹായംതേടാനുള്ള സാധ്യതകളും പരിശോധിക്കുന്നു



**വി.പി. പ്രമോദ് കുമാർ**
ഡെപ്യൂട്ടി ഡയറക്ടർ
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

## സ്മാർട്ട് പോലീസ് സ്റ്റേഷൻ

സാങ്കേതികവിദ്യയുടെ സഹായം ഏറെ പ്രയോജനപ്പെടുത്തും സ്മാർട്ട് പോലീസ് സ്റ്റേഷനുകളിൽ. ഇലക്ട്രോണിക്സംവിധാനത്തിലൂടെ സാധാരണക്കാരന് പരാതി നൽകാം. പോലീസ് ഉദ്യോഗസ്ഥരോ മറ്റ് ജീവനക്കാരോ ഇല്ലാത്ത സംവിധാനമാണിത്. അധികംവൈകാതെ സംവിധാനം കേരള പോലീസിന്റെ ഭാഗമാകും.



## എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം

ഇന്റർനെറ്റും സാങ്കേതികവിദ്യയും ഉപയോഗിക്കുന്ന സംവിധാനമാണ് എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം. 112 എന്ന നമ്പറിലേക്ക് കേരളത്തിൽ എവിടെനിന്നു വിളിച്ചാലും തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കൺട്രോൾറൂമിലാണ് സന്ദേശം ലഭിക്കുക. സഹായാഭ്യർത്ഥനകൾ വിളിക്കുന്നയാൾ നിൽക്കുന്ന സ്ഥലത്തിന് സമീപമുള്ള പോലീസ് സ്റ്റേഷനിലേക്കും കൺട്രോൾറൂം വാഹനങ്ങളിലേക്കും വളരെവേഗം കൈമാറും.



## നിഴൽ

എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം നടപ്പാക്കുന്ന പദ്ധതിയാണ് നിഴൽ. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്കും മുതിർന്ന പൗരൻമാർക്കും സഹായം എത്തിക്കാനുള്ള പദ്ധതിയാണിത്. 112 എന്ന നമ്പറിൽ ബന്ധപ്പെട്ടാൽ വിളിക്കുന്നയാൾ നിൽക്കുന്നസ്ഥലം കൃത്യമായി മനസ്സിലാക്കി സഹായമെത്തിക്കാൻ കഴിയും. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണെങ്കിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നുതവണ അമർത്തിയാൽ കൺട്രോൾറൂമിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥർ തിരികെവിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. 112 ഇന്ത്യ എന്ന മൊബൈൽ ആപ് ഡൗൺലോഡ് ചെയ്ത് ഫോണിൽ പ്രവർത്തനക്ഷമമാക്കിയതിനുശേഷം ഈ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കൺട്രോൾറൂം സന്ദേശമെത്തും.

സ്ത്രീസുരക്ഷയ്ക്കായാണ് നിർഭയം മൊബൈൽആപ്. ഹെൽപ് ബട്ടൺ അഞ്ച്സെക്കന്റ് അമർത്തിപിടിച്ചാൽ ഏറ്റവും അടുത്ത പോലീസ് കൺട്രോൾറൂമിൽ സന്ദേശമെത്തും.

## പോലീസ് സ്റ്റേഷനിൽ സി.സി.ടി.വി ക്യാമറ

ലോക്കൽ പോലീസ്സ്റ്റേഷനുകൾ അടക്കം സംസ്ഥാനത്തെ 500ലേറെ പോലീസ്സ്റ്റേഷനുകളിൽ സി.സി ടി.വി ക്യാമറകൾ സ്ഥാപിക്കാനുള്ള പദ്ധതി അന്തിമഘട്ടത്തിലാണ്. ഒരു പോലീസ്സ്റ്റേഷനിൽ സ്ഥാപിക്കുന്ന 12 ക്യാമറകളിലൂടെ ദൃശ്യങ്ങൾ പൂർണ്ണമായും റെക്കോർഡ് ചെയ്യാനും മാസങ്ങളോളം ശേഖരിച്ചുവയ്ക്കാനും കഴിയും. ജില്ലാ പോലീസ് മേധാവിമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും ദൃശ്യങ്ങൾ പരിശോധിക്കാനുമാകും.

## നിർഭയം ആപ്

സ്ത്രീസുരക്ഷയ്ക്കായാണ് നിർഭയം മൊബൈൽആപ്. ഹെൽപ് ബട്ടൺ അഞ്ച്സെക്കന്റ് അമർത്തി പിടിച്ചാൽ ഏറ്റവും അടുത്ത പോലീസ് കൺട്രോൾറൂമിൽ സന്ദേശമെത്തും. ഇന്റർനെറ്റ് കവറേജ് ഇല്ലാതെയും സംവിധാനം പ്രവർത്തിക്കും. ഫോട്ടോ, വീഡിയോ എന്നിവ എടുത്ത് അയയ്ക്കാനും സംവിധാനമുണ്ട്.

## പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്

സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനമാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്. വനിതാഉദ്യോഗസ്ഥർ മാത്രമടങ്ങുന്ന പിങ്ക് പട്രോൾവാഹനങ്ങൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾറൂം, പിങ്ക് ഷാഡോ മുതലയാവ സംവിധാനത്തിന്റെ ഭാഗമാണ്.



## കുട്ട്

സൈബർലോകത്തെക്കുറിച്ച് കുട്ടികൾക്ക് അറിവു പകരാനായി ഒരുക്കിയ സംവിധാനമാണ് കുട്ട്. കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരിൽ ബോധവൽക്കരണവും ഓൺലൈൻ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്ന കുട്ടികളെ പുനധിവസിപ്പിക്കുന്നതുമാണ് ലക്ഷ്യം. സന്നദ്ധ സംഘടനകളെയും പദ്ധതിയിൽ സഹകരിപ്പിക്കും. ■

# സ്ത്രീസുരക്ഷയ്ക്ക് സേവനങ്ങളും

**സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ പദ്ധതികൾ നടപ്പാക്കുകയാണ് വനിതാശിശു വികസന വകുപ്പ്, സംസ്ഥാന വനിതാവികസന കോർപ്പറേഷൻ, കേരള പോലീസ്, ടൂറിസം വകുപ്പ്, കുടുംബശ്രീ തുടങ്ങിയ വകുപ്പുകൾ**

## കാവലായി കാതോർത്ത്

വെബ് പോർട്ടൽ വഴി സ്ത്രീകൾക്ക് സഹായം നൽകുന്നതാണ് പദ്ധതി. സ്ത്രീകൾക്ക് സ്വന്തം താമസസ്ഥലത്തു നിന്നുതന്നെ ഓൺലൈനായി കൗൺസലിങ്ങ്, നിയമസഹായം, പൊലീസ് സഹായം എന്നിവ ലഭ്യമാക്കും.
ലിങ്ക് - www.kathorthu.wcd.kerala.gov.in

രജിസ്റ്റർ ചെയ്യാലുടൻ എസ് എം എസും ഇ-മെയിൽ അറിയിപ്പും ലഭിക്കും. 48 മണിക്കൂറിനുള്ളിൽ സേവനം ലഭ്യമാകും. വീഡിയോ കോൺഫറൻസിങ്ങ് ആപ്ലിക്കേഷൻ വഴിയാണ് സേവനം ലഭ്യമാക്കുക.

ഇതുവരെ 411 പേരാണ് സഹായം ആവശ്യപ്പെട്ടത്. 286 പേർക്ക് കൗൺസിലിങ്ങും 32 പേർക്ക് പോലീസ് സഹായവും നൽകി. 93 ആളുകൾക്ക് നിയമസഹായം ഉറപ്പാക്കി.

## സ്ത്രീധനപരാതി അറിയിക്കാം

സ്ത്രീധനം ചോദിക്കുകയോ വാങ്ങുകയോ ചെയ്യുന്നതിനെതിരെ പരാതി നൽകാൻ http://wcd.kerala.gov.in/dowry എന്ന ലിങ്ക് സന്ദർശിക്കുക. സേവനം തികച്ചും സൗജന്യമാണ്.

ലഭിക്കുന്ന പരാതികൾ ജില്ലാ സ്ത്രീധന നിരോധന ഉദ്യോഗസ്ഥർക്ക് കൈമാറും. ഇവർ അപേക്ഷ ലഭിച്ച് മൂന്ന് പ്രവൃത്തി ദിവസത്തിനുള്ളിൽ പരാതിക്കാരുമായി ബന്ധപ്പെടും.

50 പരാതികൾ രജിസ്റ്റർ ചെയ്തു. 22 കേസുകൾ തീർപ്പാക്കി.

## പോഷ് പോർട്ടൽ

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് (Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act, 2013 - POSH Act) നടപ്പിലാക്കാനാണ് പോഷ് കംപ്ലയൻസ് പോർട്ടൽ. http://posh.wcd.kerala.gov.in/posh/index.php എന്നതാണ് ലിങ്ക്.

പത്തിലധികം ജീവനക്കാരുള്ള സർക്കാർ, സർക്കാരിതര തൊഴിലിടങ്ങളിൽ ആഭ്യന്തരസമിതി രൂപീകരിക്കണം.

എല്ലാ സ്ഥാപനങ്ങളും ആഭ്യന്തര സമിതി സംബന്ധിച്ച വിവരങ്ങൾ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇത് വിവര ശേഖരണത്തിനും മേൽനോട്ടത്തിനും സർക്കാരിനെ സഹായിക്കുന്നു.

ഇതുവരെ ഏഴ് സ്ഥാപനങ്ങളാണ് ആഭ്യന്തര സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഒരു പരാതി പോർട്ടൽ വഴി ലഭിച്ചു.

## പൊൻവാക്ക്

18 വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ വിവാഹം തടയാൻ www.ponvakkuwcd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കാം. വിവരം നൽകുന്ന ആളിന് പാരിതോഷികം ലഭിക്കും.




ആശുപത്രി, പൊലീസ് സ്റ്റേഷൻ, ആംബുലൻസ് സർവീസ്, കൗൺസിലിങ്ങ് തുടങ്ങിയ സേവനങ്ങളാണ് പ്രധാനമായും ലഭിക്കുന്നത്.

## സ്ത്രീസൗഹാർദ വിനോദസഞ്ചാരപദ്ധതി

കേരളത്തെ സമ്പൂർണ സ്ത്രീസൗഹാർദ യാത്രാകേന്ദ്രമാക്കാൻ ആരംഭിച്ചതാണ് പദ്ധതി. ആദ്യഘട്ടത്തിൽ സ്ത്രീകളുടെ കൂട്ടായ്മ ഉണ്ടാക്കുന്നു. https://forms.gle/EWXdfyP7Y4TZnDGj9 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം. ഇന്ത്യയിലാദ്യമായാണ് ഇത്തരമൊരു പദ്ധതി.

സ്ത്രീകൾക്ക് ടൂർ കോർഡിനേറ്റർമാർ, കമ്മ്യൂണിറ്റി ടൂർ ലീഡർമാർ, ഓട്ടോ / ടാക്സി ഡ്രൈവർമാർ, ഹോംസ്റ്റേ ഓപ്പറേറ്റർമാർ, സുവനീർ സൃഷ്ടി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നു. 1000 സ്ത്രീകൾക്ക് ഓൺലൈനായി പരിശീലനം നൽകി.

വിവിധ സ്ത്രീസൗഹൃദ ടൂറിസം പദ്ധതികൾ ഏകോപിപ്പിച്ച് സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല രൂപീകരിക്കും. താമസം, ഭക്ഷണം, യാത്ര, ഗൈഡ് തുടങ്ങി പാക്കേജിലെ എല്ലാ ഘടകങ്ങളും നിയന്ത്രിക്കുക സ്ത്രീകളായിരിക്കും.

## കുടുംബശ്രീയുടെ ക്രൈംമാപ്പിങ്ങ്

സ്ത്രീകൾക്കെതിരായ ഏഴ് തരം കുറ്റകൃത്യങ്ങൾ കേന്ദ്രീകരിച്ച് ക്രൈംമാപ്പിങ് നടത്തുന്നു. കുറ്റകൃത്യങ്ങൾക്കുള്ള സാധ്യത കണ്ടെത്തി തടയാനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. മാനസികം, ശാരീരികം, സാമ്പത്തികം, ലൈംഗികം-വീടിനുള്ളിലും പുറത്തും, സാമൂഹികം, വാചികം തുടങ്ങിയ കുറ്റകൃത്യങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും ഒരു സിഡിഎസിൽ വീതമാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്.

## രക്ഷാദൂത്

ഗാർഹിക പീഡനം സംബന്ധിച്ച് പരാതി ഉള്ളവർക്ക് തപാൽ മാർഗം കത്ത് അയക്കാം. പോസ്റ്റ് മാസ്റ്റർ അത് ഇ-മെയിൽ വഴി വനിതാശിശുവികസന വകുപ്പിന് കൈമാറും. സ്ത്രീകൾക്ക് വനിതാ സംരക്ഷണ ഓഫീസർ വഴിയും കുട്ടികൾക്ക് ജില്ലാ ശിശുസംരക്ഷണ ഓഫീസർ മുഖാന്തരവും പോലീസ്, നിയമ സഹായങ്ങൾ ലഭിക്കും.

## വനിതകളുടെ മിത്രമായി 181

24 മണിക്കൂറും സേവനം ലഭ്യമാകുന്ന എമർജൻസി സംവിധാനമാണ് മിത്ര 181 ഹെൽപ് ലൈൻ.

നാളിതുവരെ മൂന്ന് ലക്ഷം കോളുകൾ സ്വീകരിച്ചിട്ടുണ്ട്.

## സമഗ്ര പദ്ധതികളുമായി പോർട്ടൽ


അശരണരായ വിധവകൾക്ക് സംരക്ഷണം നൽകുന്ന അഭയാകിരണം പദ്ധതി, വിധവകളുടെ പുനർവിവാഹത്തിനായുള്ള മംഗല്യ പദ്ധതി, വിധവകളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായത്തിനായി പടവുകൾ, 55 വയസിനു താഴെയുള്ള വിധവകൾക്ക് സ്വയം തൊഴിലിനായി സഹായഹസ്തം തുടങ്ങിയ പദ്ധതികൾക്കെല്ലാം അപേക്ഷിക്കേണ്ടത് www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ്. ■

**തയ്യാറാക്കിയത്: രമ്യാരാജൻ**



# ഐടി @ കൃഷി

## കാർഷികവികസനത്തിന് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ സഹകരണമേഖല



**എസ്. എസ്. നാഗേഷ്**
കാർഷികവിഭാഗം മേധാവി,
സംസ്ഥാന ആസൂത്രണ ബോർഡ്

കൃഷിയിൽ സാങ്കേതികവിദ്യ സന്നിവേശിപ്പിച്ച് ഗുണകരമായ മാറ്റത്തിന് വഴിയൊരുക്കുകയാണ് സഹകരണ വകുപ്പ്. ചെറുകിട കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം, അവരുടെ ഉൽപന്നങ്ങൾ നേരിട്ടോ മൂല്യവർധിതമാക്കിയോ സാങ്കേതികവിദ്യയുടെ സഹായത്തോടെ വിപണനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സഹകരണമേഖല കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ടെക്നോളജി ഡ്രിവൺ അഗ്രികൾച്ചർ നടപ്പിലാക്കുന്നത്.

നൂതനരീതിയിലുള്ള കൃഷി, സംഘാടനം, സംഭരണം, മൂല്യവർധന, ചില്ലറവിൽപന, ബ്രാൻഡിങ്ങ് എന്നിവയുടെ ഏകോപനമാണ് ലക്ഷ്യം. ഉൽപാദനത്തിലും വിപണനത്തിലും ഇടപെട്ടുകൊണ്ടും മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ കാർഷികാനുബന്ധ പ്രവർത്തനങ്ങൾ സംയോജിപ്പിച്ചും കാർഷിക വരുമാനവർധനയാണ് സാധ്യമാക്കുക.

ഗ്രാമീണരുടെ ഉപജീവനമാർഗങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് സംസ്ഥാനത്തിന്റെ പൊതുസാമൂഹിക-സാമ്പത്തിക വികസന പ്രക്രിയയിൽ സഹകരണ മേഖല കാതലായ മാറ്റങ്ങളാണ് സൃഷ്ടിക്കുന്നത്. പഞ്ചവത്സര പദ്ധതികളിലൂടെ നൽകിവരുന്ന സാമ്പത്തികസഹായങ്ങൾ സഹകരണസംഘങ്ങളെ വലിയതോതിൽ പിന്തുണയ്ക്കുന്നു. കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ നയവും സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയും നിർണായകമാണ്. കാർഷികമേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ വിപുലമായ ശൃംഖല നിലവിലുണ്ട്. കാർഷിക വായ്പ, പൊതുവിതരണം, കാർഷികോൽപന്നങ്ങളുടെ വിതരണം, വിപണനം,



സംസ്കരണം, ഉപഭോക്തൃപ്രവർത്തനങ്ങൾ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ഇൻഷ്വറൻസ്, അടിസ്ഥാനസൗകര്യവികസനം, എസ്.സി./എസ്.ടി. തുടങ്ങിയ മേഖലകളിൽ വിജയകരമായി പ്രവർത്തിച്ചുവരികയുമാണ്.

## ലക്ഷ്യം വരുമാനവർധന

ഗ്രാമപ്രദേശങ്ങളിലെ ചെറുപുരയിടങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷികസേവന കേന്ദ്രങ്ങൾ അടക്കമുള്ള രീതികളിലൂടെയാണ് പുതുപദ്ധതി നടപ്പിലാക്കുക. അഞ്ച് വർഷത്തിനുള്ളിൽ 14 ജില്ലകളിലും ഘട്ടംഘട്ടമായി പൂർത്തീകരിക്കുകയാണ് ലക്ഷ്യം. കാർഷിക പശ്ചാത്തലമുള്ളതും കാർഷികോൽപാദനത്തിൽ മുന്നിൽ നിൽക്കുന്നതുമായ ഏഴ് ജില്ലകളിലാണ് ആദ്യം നടപ്പിലാക്കുന്നത്. ഇതിനായി ഈ ജില്ലകളിൽ നിന്ന് 15 പ്രാഥമിക കാർഷിക സഹകരണസംഘങ്ങളെയാണ് തിരഞ്ഞെടുത്തത്.

പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങൾ സജ്ജീകരിച്ചിട്ടുള്ള പ്രത്യേക ഔട്ട്ലെറ്റുകൾ വഴി കാർഷികോൽപന്നങ്ങൾ നേരിട്ട് വിപണനം ചെയ്യാം. സംഭരണം, സംസ്കരണം, വിപണന സൗകര്യങ്ങൾ എന്നിവയുള്ള മാർക്കറ്റിങ്ങ് സഹകരണ സൊസൈറ്റികൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവ വഴി സംസ്കരിച്ച് വിപണനം ചെയ്യുകയുമാകാം. ഓരോ മേഖലയിലും ഉത്പാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങൾ അതത് പ്രദേശത്തെ ഉപഭോക്താക്കളിൽ വേഗത്തിൽ എത്തിക്കാൻ സോഫ്റ്റ്‌വെയറും മൊബൈൽ ആപ്ലിക്കേഷനുണ്ടാകും. ഉൽപന്നങ്ങൾ കേടാകാതെ വീട്ടുപടിക്കലെത്തിക്കാനുള്ള സംവിധാനങ്ങളും ഒരുക്കും. ഒരു പ്രദേശത്തെ മിച്ചംവരുന്ന കാർഷികോൽപന്നങ്ങൾ മറ്റ് പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതിനു ശീതീകരണ സംവിധാനമുള്ള അടിസ്ഥാനസൗകര്യങ്ങളുമുണ്ടാകും.

ഗ്രാമപ്രദേശങ്ങളിലെ ചെറുപുരയിടങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷികസേവന കേന്ദ്രങ്ങൾ അടക്കമുള്ള രീതികളിലൂടെയാണ് പുതുപദ്ധതി നടപ്പിലാക്കുക.

പദ്ധതിയിലൂടെ കാർഷിക ഉൽപാദകസംഘടനകൾ രൂപീകരിച്ച് പ്രാദേശിക വിപണനസാധ്യതയില്ലാത്ത ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുവേണ്ട കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യും. വിത്ത്, വളം, കീടനാശിനി, മറ്റ് കാർഷിക അനുബന്ധസൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് കൃഷിഭവൻ, കാർഷിക സർവകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുള്ള മാർഗനിർദേശവും സഹായവും ലഭിക്കുകയും കൃഷിയനുബന്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഫിഷറീസ്, മൃഗസംരക്ഷണ വകുപ്പുകളിൽ നിന്നുള്ള സഹായം ഉറപ്പാക്കുകയും ചെയ്യും.

പദ്ധതിയുടെ മുഴുവൻ പ്രവർത്തനങ്ങളും സഹകരണ വകുപ്പ് സെക്രട്ടറി അധ്യക്ഷനും കൃഷി വകുപ്പ് ഡയറക്ടർ, ആസൂത്രണ ബോർഡ് കൃഷി വിഭാഗം തലവൻ, സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ, ഐ.എഫ്.എസ്.ആർ.എസ്, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിലെ മേധാവിമാർ എന്നിവരടങ്ങുന്ന സംസ്ഥാനതല സമിതി നിരീക്ഷിക്കും. ■



വൈഗമേളയിൽ പ്രദർശനം സന്ദർശിച്ച കൃഷി മന്ത്രി പി. പ്രസാദ്

# കൃഷി സംരംഭകർക്ക് ഒരു ക്ലിനിക്

**കേരളത്തിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട 50 കർഷകസംരംഭകർക്കു ആവശ്യമായ വിശദപദ്ധതിരേഖ സൗജന്യമായി തയ്യാറാക്കി നൽകാനായത് ഈ വർഷത്തെ വൈഗ മേളയുടെ ശ്രദ്ധേയനേട്ടമായി**



**അപർണ. ബി**
ബിരുദ വിദ്യാർഥി
കാർഷിക കോളജ്, വെള്ളായണി




പുതിയ സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന കർഷകർക്കും സംരംഭകർക്കും വായ്പ ലഭിക്കാൻ വിശദ പദ്ധതിരേഖ അനിവാര്യമാണ്. അനുഭവ പരിചയവും പ്രൊഫഷണൽ യോഗ്യതയും ഉള്ള ഏജൻസികളാണ് ഇത് തയ്യാറാക്കി നൽകുന്നത്.

പരമ്പരാഗതരീതികളുടെ നുകത്തിൽകെട്ടിയ കാർഷികവൃത്തിയെ ആധുനികതയിലേക്ക് നയിക്കുക ഏറെ പ്രധാനമാണ്. ആ ദൗത്യം ഏറ്റെടുത്ത് യുവതലമുറയെ കൃഷിയോട് ചേർക്കുന്നതിനായാണ് സംസ്ഥാന സർക്കാർ പുത്തൻ ആശയങ്ങൾ നടപ്പാക്കുന്നത്. ആ ശ്രേണിയിലെ പുതുമയാണ് 'വൈഗ' അഥവാ വാല്യൂ അഡിഷൻ ഫോർ ഇൻ യങ് ജനറേഷൻ ഇൻ അഗ്രിക്കൾച്ചർ എന്ന പേരിൽ സംഘടിപ്പിച്ച പ്രദർശന-വിപണനമേള. മേളയിൽ കാർഷികമേഖലയിലെ നൂതന സാങ്കേതികവിദ്യകളും കാർഷിക ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണവും മൂല്യവർധനവും ശരിയായ വിപണി ഇടപെടലുമെല്ലാം ചർച്ചയായി. എന്നാൽ ഇത്തവണ വൈഗയിൽ ഒരു പുതുമ കൂടിയുണ്ടായിരുന്നു. പുതിയ കാർഷികസംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്നവരെ സഹായിക്കാനായി സംഘടിപ്പിച്ച ഡിപിആർ ക്ലിനിക്കുകൾ.

പുതിയ സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന കർഷകർക്കും സംരംഭകർക്കും വായ്പ ലഭിക്കാൻ വിശദ പദ്ധതിരേഖ അനിവാര്യമാണ്. അനുഭവപരിചയവും പ്രൊഫഷണൽ യോഗ്യതയും ഉള്ള ഏജൻസികളാണ് ഇത് തയ്യാറാക്കി നൽകുന്നത്. ഇവർക്ക് സാധാരണയായി വായ്പത്തുകയുടെ ഒരു ശതമാനമോ അതിലധികമോ നൽകേണ്ടി വരുന്നു. ധനകാര്യസ്ഥാപനത്തിന് ഡി.പി.ആർ ബോധ്യപ്പെട്ടില്ലെങ്കിൽ വായ്പ നിഷേധിക്കപ്പെടുന്ന സാഹചര്യവുമുണ്ടാകും. മികച്ച ആശയങ്ങൾക്കും നൂതനസംരംഭങ്ങൾക്കും അർഹതപ്പെട്ട വായ്പ ഡി.പി.ആറിലെ ന്യൂനത മൂലം നഷ്ടപ്പെടുന്നത് ഒഴിവാക്കാനാണ് ഡി.പി.ആർ ക്ലിനിക്കുകൾ വൈഗയിലുൾപ്പെടുത്തിയത്. കേരളത്തിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട 50 കർഷകസംരംഭകർക്കു ആവശ്യമായ ഡി.പി.ആർ സൗജന്യമായി തയ്യാറാക്കി നൽകാനായത് ഈ വർഷത്തെ വൈഗ മേളയുടെ ശ്രദ്ധേയനേട്ടമായി.

വൈഗയ്ക്ക് മുന്നോടിയായി നടന്ന ശിൽപശാലയിൽ കർഷകരുടെയും സംരംഭകരുടെയും പദ്ധതികളുടെ പ്രാഥമിക വിവരശേഖരണം നടത്തിയിരുന്നു. ബാങ്കുകൾ, ഗവേഷണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവകലാശാല, കൃഷി വകുപ്പ്, മറ്റ് കാർഷിക ഫണ്ടിങ് ഏജൻസികൾ എന്നിവയിൽ ഉള്ള വിദഗ്ധരും സംരംഭകരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ സാമ്പത്തികശാസ്ത്രവിഭാഗം അധ്യാപകരുടെ നേതൃത്വത്തിൽ അവസാന വർഷ ബിരുദ വിദ്യാർഥികളായ 20 പേരും ക്ലിനിക്കിൽ അംഗങ്ങളായിരുന്നു. വിളകളുടെ പ്രാധാന്യം, പോഷകഗുണം, ഉപയോഗങ്ങൾ, അന്തർദേശീയ-ദേശീയ സ്ഥിതിവിവരക്കണക്കുകൾ, കേരളത്തിലെ ഉൽപാദനം, കയറ്റുമതി, ഇറക്കുമതി എന്നിവ സംബന്ധിച്ച വിവരശേഖരണം നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ എസ്. എഫ്. എ. സി കേരളയുടെ നേതൃത്വത്തിലാണ് പദ്ധതിരേഖകൾ തയ്യാറാക്കിയത്.

കൃഷിയെ മറന്നുകൊണ്ടുള്ള വികസനം സുസ്ഥിരമല്ല എന്ന ബോധ്യം കേരളീയർക്ക് ഉണ്ടായിട്ടുണ്ട്. പുത്തൻ ആശയങ്ങളുടെയും നൂതന സാങ്കേതികവിദ്യയുടെയും സഹായത്തോടെ കാർഷികമേഖലയ്ക്ക് നവോർജം പകർന്നുനൽകാൻ കഴിയുമെന്ന തിരിച്ചറിവാണ് വൈഗ പകർന്നു നൽകുന്നത്. ■




# ഇനി കാണൂ വലിയ സ്വപ്നങ്ങൾ

അതിദരിദ്രരില്ലാത്ത ഉൽക്കൃഷ്ടമായ സാമൂഹികവ്യവസ്ഥ കേരളത്തിന് കൈയെത്തും ദൂരത്താണെന്നത് ഏറെ അഭിമാനകരമാണ്- സാമ്പത്തികശാസ്ത്രത്തിലെ നൊബേൽ പുരസ്കാരജേതാവ് പറയുന്നു

**അഭിജിത് ബാനർജി**

ദാരിദ്ര്യനിർമ്മാർജനത്തിൽ സവിശേഷമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. അതിദരിദ്രരില്ലാത്ത ഉൽക്കൃഷ്ടമായ സാമൂഹിക വ്യവസ്ഥ കേരളത്തിന് കൈയെത്തുംദൂരത്താണെന്നത് ഏറെ അഭിമാനകരമാണ്. കൂടുതൽ മഹത്തായ ലക്ഷ്യങ്ങളിലേക്ക് കുതിക്കാനുള്ള സ്വാതന്ത്ര്യം ഇത് കേരളത്തിന് പകരുമെന്നാണ് എന്റെ വിശ്വാസം. വികസിതരാജ്യങ്ങൾക്ക് സമാനമായ ജീവിതനിലവാരത്തിലേക്ക് കേരളത്തെ കൊണ്ടെത്തിക്കുക എന്നതാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സൂചിപ്പിക്കുകയുണ്ടായി. ഈ ദിശയിലേക്ക് തന്നെയാകട്ടെ കേരളസമൂഹത്തിന്റെ സഞ്ചാരം.

ദാരിദ്ര്യനിർമ്മാർജനവുമായി ബന്ധപ്പെട്ട എന്റെ പഠനങ്ങളിൽനിന്ന് ഉൾക്കൊണ്ട ചില പാഠങ്ങൾ ഇവിടെ പങ്കുവയ്ക്കുന്നു.

## ക്ഷേമപദ്ധതികൾ അലസരാക്കില്ല

പാവപ്പെട്ടവർക്ക് നിരുപാധികമായി പണം നൽകിയാൽ, അവർ കൂടുതൽ അലസരായി മാറുമെന്നതാണ് സാമൂഹികക്ഷേമനയങ്ങൾക്കെതിരെ ഉയരുന്ന സ്ഥിരം വിമർശനം. സൈദ്ധാന്തികതലത്തിൽ ഇത് ശരിയായി തോന്നാം. എന്നാൽ, സർക്കാർ ക്ഷേമപദ്ധതികളുടെ ഭാഗമായി പാവപ്പെട്ടവർക്ക് പണം കൈമാറിയതിനാൽ, അവർ കൂടുതൽ മടിയൻമാരായി എന്ന വാദത്തിന് തെളിവിന്റെ യാതൊരു പിൻബലവും



നാളിതുവരെ കിട്ടിയിട്ടില്ല. 13 രാജ്യങ്ങളിൽ നടത്തിയ റാൻഡമൈസ്ഡ് കൺട്രോൾ ട്രയലുകളിൽ ഇത് വ്യക്തമായതാണ്. ഈ പഠനത്തെ അധികരിച്ച് 'അലസനായ ഗുണഭോക്താവെന്ന മിഥ്യ' എന്ന പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

## ചില പോരായ്മകൾ കണ്ടില്ലെന്ന് നടിക്കാം

പരിപൂർണതയെന്ന ആശയം പലപ്പോഴും ശരിയ്ക്ക് എതിരായി വരാറുണ്ട്. ദാരിദ്ര്യനിർമ്മാർജന പദ്ധതികളെല്ലാം വിമർശിക്കപ്പെടുന്നത് അതിലെ പോരായ്മകൾ ചൂണ്ടിക്കാട്ടിയാണ്. പദ്ധതിയിലെ പഴുതുകൾ മുതലാക്കി, അനർഹർ സൗജന്യങ്ങൾ കൈക്കലാക്കുന്നുവെന്ന വിമർശനമാണ് ഉന്നയിക്കപ്പെടുന്നത്. ഇത് യാഥാർഥ്യമാണെന്നതിൽ സംശയമില്ല. എന്നാൽ, ഈ ന്യൂനത, ദാരിദ്ര്യ നിർമ്മാർജനപദ്ധതികൾക്ക് മാത്രമല്ല, ഒട്ടുമിക്ക പദ്ധതികൾക്കും ഉണ്ട്.

ദാരിദ്ര്യനിർമ്മാർജന പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുക ബുദ്ധിമുട്ടേറിയ കാര്യമാണ്. എന്തെന്നാൽ, ദരിദ്രരെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾതന്നെ സങ്കീർണമാണ്. പക്ഷേ, ഈ പോരായ്മകളുടെ പേരിൽ ദാരിദ്ര്യനിർമ്മാർജനപദ്ധതികൾ ഉപേക്ഷിക്കപ്പെടരുത് എന്നാണ് എന്റെ മതം. അടിയന്തര സാഹചര്യത്തിലോപ്രതിസന്ധിഘട്ടത്തിലോ ദരിദ്രരിലേക്ക് സേവനങ്ങൾ എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ അത്തരം സേവനങ്ങൾ സാർവത്രികമാക്കുന്നതാണ് നല്ലത്. അപ്പോൾ, ദരിദ്രർക്ക് ഉറപ്പായും അതിന്റെ ഗുണഫലം ലഭിക്കും. കോവിഡ് 19 മഹാമാരി കാലത്ത് കേരളസർക്കാർ ചെയ്തത് ഇതുതന്നെയാണ്. സമ്പന്നരെന്നോ ദരിദ്രരെന്നോ ഭേദമില്ലാതെ എല്ലാവർക്കും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യാനുള്ള തീരുമാനം ശ്ലാഘനീയമാണ്.

> കോവിഡ് 19 മഹാമാരിക്കാലത്ത് സമ്പന്നരെന്നോ ദരിദ്രരെന്നോ ഭേദമില്ലാതെ എല്ലാവർക്കും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യാനുള്ള തീരുമാനം ശ്ലാഘനീയമാണ്

## പാവപ്പെട്ടവരെ വിശ്വസിക്കുക

പണം നേരിട്ട് പാവപ്പെട്ടവർക്ക് കൈമാറിയാൽ, അവർ അത് മദ്യപിച്ചും മറ്റും ദുർവ്യയം ചെയ്യുമെന്നതാണ് മറ്റൊരു വിമർശനം. എന്നാൽ, ഈ വാദത്തിലും കഴമ്പില്ല എന്നുതന്നെയാണ് പരീക്ഷണങ്ങൾ തെളിയിക്കുന്നത്. ഇന്തോനേഷ്യയിൽ ക്രെഡിറ്റ് കാർഡിന് സമാനമായ കാർഡ് ജനങ്ങൾക്ക് നേരിട്ടുനൽകിയപ്പോൾ അവർ കാർഡുപയോഗിച്ച് അവശ്യസാധനങ്ങൾ വാങ്ങുകയും കാലക്രമേണ ദാരിദ്ര്യനിരക്ക് 20 ശതമാനം കുറയുകയും ചെയ്തു.

മാത്രമല്ല, സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായപദ്ധതികൾ ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽനിന്ന് കരകയറാൻ സഹായിച്ചിട്ടുണ്ടെന്നത് തെളിയിക്കപ്പെട്ടതാണ്. അതിദരിദ്രർക്ക് കന്നുകാലികൾ, മറ്റ് ജീവനോപാധികൾ എന്നിവ വിതരണം ചെയ്തശേഷം 10 വർഷം കഴിഞ്ഞ് തിരക്കിയപ്പോൾ അവരിൽ പലരും സമ്പന്നരായി മാറിയിരുന്നു. അവർക്ക് നൽകിയ പശു അവരുടെ പക്കൽ ഉണ്ടായിരുന്നില്ലെങ്കിലും അത് മൂലധനമായി നടത്തിയ നിരവധി ക്രയവിക്രയങ്ങളിലൂടെ ദാരിദ്ര്യം തുടച്ചുനീക്കപ്പെട്ടു. ഏതെങ്കിലും രൂപത്തിലുള്ള മൂലധനം കൈവരുന്നതിലൂടെ ഉണ്ടാകുന്ന ആത്മവിശ്വാസവും ഉണർവും പാവപ്പെട്ടവരുടെ ജീവിതത്തിൽ വലിയമാറ്റങ്ങൾ കൊണ്ടുവരുന്നു.

## അവർക്ക് പറയാനുള്ളത് കേൾക്കാം

ദരിദ്രജനവിഭാഗങ്ങളിൽ സംരംഭകത്വം വളർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് മൈക്രോ ക്രെഡിറ്റ് സംവിധാനം നിലവിൽ വന്നത്. ഈ സംവിധാനം ഉപയോഗപ്പെടുത്തി ദരിദ്രർ നിരവധി ആവശ്യങ്ങൾ നിവർത്തിക്കുന്നുണ്ടെങ്കിലും സംരംഭകർ സൃഷ്ടിക്കപ്പെടുന്നില്ല. എന്തുകൊണ്ട്? സംരംഭകരാകാൻ താൽപര്യമില്ല എന്നതാണ് ദരിദ്രർ ഇതിനുനൽകുന്ന ഉത്തരം. അതിനാൽ, ദാരിദ്ര്യനിർമ്മാർജനത്തിന് മൈക്രോ ക്രെഡിറ്റ് സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നില്ല. ഏതൊരു ഭരണസംവിധാനവും ദരിദ്രർക്ക് വേണ്ടതെന്തെന്ന മനസ്സിലാക്കി ഇടപെടുമ്പോൾ, കൂടുതൽ ക്രിയാത്മകമായ പരിഹാരങ്ങൾ ഉയർന്നുവരും.

'എങ്ങനെ ദാരിദ്ര്യം തുടച്ചുനീക്കാം കേരളവും ഇന്ത്യയും ലോകവും' എന്ന വിഷയത്തിൽ മാർച്ച് 9നു തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ. ■

**പരിഭാഷ: ആരതി കെ.ആർ**





# കരിക്കട്ടയിൽ തെളിഞ്ഞ മഹാരാജ്യം

**രാജാരവിവർമ്മയുടെ 175-ാം ജന്മവാർഷികമാണ് 2023 (1848 ഏപ്രിൽ 29-1906 ഒക്ടോബർ 2)**




**ജി. ഹസ്താമലകൻ**
മാധ്യമപ്രവർത്തകൻ


ഭൂപടം വരയ്ക്കാൻ അതിർത്തികൾ ഉള്ള ഒരു ചെറിയ നാട്ടുരാജ്യം രവിവർമ്മയ്ക്ക് ഉണ്ടായിരുന്നില്ല. കൊട്ടാരത്തിൽ പിറന്നെങ്കിലും അധികാരത്തിന്റെ സിംഹാസനത്തിലും ആസനസ്ഥനായില്ല. എന്നാൽ വരച്ച്, ചായംചേർത്ത് ചിത്രകലയിൽ അതിരുകളില്ലാത്ത മഹാരാജ്യം സ്ഥാപിച്ചു. അവിടെ, അന്നും ഇന്നും ചക്രവർത്തി...







രാജാ രവിവർമ്മ

രവിവർമ്മ എന്ന രാജാ രവിവർമ്മയ്ക്ക് 58 വർഷമായിരുന്നു ആയുസ്സ്. കാലത്തിന്റെ തീരെ ചെറിയൊരു തുണ്ടായിരുന്നു അത്. അവിടെ നിന്നു കൊണ്ടാണ് രവിവർമ്മ വരകൊണ്ട് ആസ്വാദകന് വരം തന്നത്. യഥാതഥ (റിയലിസ്റ്റിക്) ചിത്രകലാതൽപരനായിരുന്ന ഡാവിഞ്ചിയെ പോലെ റിയലിസത്തിലൂടെ മലയാളിയുടെ മനസ്സിലെ ദേവരൂപ സങ്കൽപത്തെ, വേഷത്തെ ഒക്കെ മാറ്റി വരച്ചുള്ള നവോഥാനം.

## ചുറ്റമതിലിനു പുറത്തേക്ക്

കൊട്ടാരക്കരക്കെട്ടുകളിലും ക്ഷേത്രച്ചുവരുകളിലും നിറഞ്ഞുനിന്ന ചിത്രകലയെ സാധാരണക്കാരിലേക്കു കൊണ്ടുവരികയായിരുന്നു രാജാ രവിവർമ്മ. പാശ്ചാത്യരചനാശൈലിയിൽ പുരാണ കഥാപാത്രങ്ങളെ വരച്ചുകൊണ്ടായിരുന്നു അത് സാധ്യമാക്കിയത്. മ്യൂറൽ രചനാസങ്കേതങ്ങളുടെ ലോകത്തുനിന്ന് അക്കാഡമിക് റിയലിസത്തിലൂടെയുള്ള വഴിത്തിരിവ്.

അണുസമാനമായ സൂക്ഷ്മതലങ്ങളിലേക്ക് അരിച്ചിറങ്ങുന്നതാണ് രവിവർമ്മ ചിത്രങ്ങൾ. അതാ അച്ഛൻ വരുന്നു എന്ന ചിത്രത്തിൽ അമ്മയുടെ ഒക്കത്തിരിക്കുന്ന കുട്ടിയുടെ കൃഷ്ണമണിയിൽ പടി കടന്നെത്തുന്ന, ചിത്രം തെളിയുന്നിടത്ത് സൂക്ഷ്മതയുടെ കയ്യടക്കം കാണാം. മഹാരാഷ്ട്രയിലെ വനിതകളുടെ വേഷം വരച്ച്, സാരിയെ മലയാളിയുടെ 'ആചാരവേഷം'ആക്കിയതും രവിവർമ്മയാണ്.

## കരിക്കട്ടയിൽ തുടക്കം

വിറക് എരിഞ്ഞുതീരുന്നതാണ് കരിക്കട്ട. അങ്ങനെ തീർന്നിടത്തുനിന്നാണ് രവിവർമ്മ വരച്ചു തുടങ്ങിയത്. മൂന്നു വയസ്സ് ആകുന്നതിനു മുൻപു തന്നെ കിളിമാനൂർ കൊട്ടാരത്തിന്റെ ചുവരുകളിൽ കുഞ്ഞുവിരലുകളിലെ വലിയ ചിത്രങ്ങൾ നിറഞ്ഞിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന്റെ ആസ്ഥാന ചിത്രകാരൻ കൂടിയായ മാതുലൻ രാജരാജവർമ്മ ആ പ്രതിഭ തിരിച്ചറിഞ്ഞതോടെ ഗുരുവായി മാറി. പതിനാലാംവയസ്സിൽ തിരുവിതാംകൂർ ഭരണാധികാരി ആയില്യം തിരുനാളിന്റെ അടുത്ത് എത്തിയതോടെ വരയുടെ വിശാല ലോകത്തേക്കാണ് കടക്കാനായത്.

ചിത്രങ്ങൾ കണ്ടും തിയോഡർ ജാൻസൻ എന്ന വിദേശി ചിത്രങ്ങൾ വരയ്ക്കുന്നതും നോക്കിനിന്നാണ് എണ്ണച്ചായത്തിന്റെ 'കൂട്ടൊരുക്ക്' രവിവർമ്മ പഠിച്ചത്. പാശ്ചാത്യലോകത്തുവരെ ആ പെരുമ പടർന്നു. 2023 ഫെബ്രുവരി അവസാന വാരം മുംബൈ പുണ്ടോൾ ഗ്യാലറിയിൽ നടന്ന നടന്ന ലേലത്തിൽ രാജാരവിവർമ്മയുടെ 'യശോദയും കൃഷ്ണനും' വിറ്റുപോയത് 38 കോടി രൂപയ്ക്കാണ്. കരിക്കട്ടയിൽ തുടങ്ങിയ വരയുടെ വിലമതിക്കാനാകാത്ത വില. ■



2020 ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം എസ്.ആർ. ശക്തിധരനു മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിക്കുന്നു

# സ്വതന്ത്ര മാധ്യമപ്രവർത്തനത്തിന് വിലക്കുണ്ടാകില്ല

സ്വതന്ത്രവും നീതിപൂർവവും ജനാധിപത്യപരവുമായ പത്രപ്രവർത്തനത്തിനു കേരളത്തിൽ ഒരു വിലക്കുമുണ്ടാകില്ല. പത്രസ്വാതന്ത്ര്യത്തിന് എല്ലാ പരിരക്ഷയും നൽകും. സത്യം അറിയിക്കാനുള്ള പത്രപ്രവർത്തകരുടെ സ്വാതന്ത്ര്യം പൂർണ്ണമാകുന്നത് സത്യം അറിയാനുള്ള വായനക്കാരന്റെ സ്വാതന്ത്ര്യം കൂടി ചേരുമ്പോഴാണ്. എന്നാൽ ഇതു മാധ്യമപ്രവർത്തകരാൽത്തന്നെ ലംഘിക്കപ്പെടുന്നുണ്ടോ എന്നതിൽ പത്രപ്രവർത്തക സമൂഹത്തിന്റെ പരിശോധന ആവശ്യമായ ഘട്ടമാണിത്. എത്ര കടുത്ത അസത്യം വിളിച്ചുപറഞ്ഞാലാണു കൂടുതൽ ആളുകളിലേക്ക് എത്തുകയെന്നതു മാത്രമായി മാധ്യമങ്ങളുടെ പരിഗണന മാറുന്നു. ഇത്തരമൊരു ജീർണത മാധ്യമരംഗത്തു പടരുന്നുണ്ട്. ഇതിനെ ചെറുക്കാനുള്ള സംസ്കാരം മാധ്യമലോകത്തുണ്ടാകണം. അതുണ്ടായാൽ മാധ്യമ സ്വാതന്ത്ര്യത്തിനെതിരായ അധികാര ശക്തികളുടെ ഏതു നീക്കത്തേയും ചെറുക്കാൻ ജനങ്ങൾ ഒപ്പം നിൽക്കും.

**പിണറായി വിജയൻ**, മുഖ്യമന്ത്രി

## സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ സമ്മാനിച്ചു

മാധ്യമ പ്രവർത്തനത്തിലെ സമഗ്ര സംഭാവനയ്ക്കു സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരമായ 2020ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം ദേശാഭിമാനി ദിനപത്രം മുൻ അസോസിയേറ്റ് എഡിറ്ററും മുതിർന്ന മാധ്യമ പ്രവർത്തകനുമായ എസ്.ആർ. ശക്തിധരനു മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിച്ചു. ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകൽപന ചെയ്ത ശിൽപവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് സ്വദേശാഭിമാനി - കേസരി പുരസ്കാരം.

2020, 2021 വർഷങ്ങളിലെ സംസ്ഥാന മാധ്യമ പുരസ്കാരങ്ങളും 2020ലെ സംസ്ഥാന ഫോട്ടോഗ്രഫി പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്തു.

മാധ്യമപുരസ്കാരങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ് തയാറാക്കിയ 'കാവലാൾ - സത്യത്തിന്റെ സൂക്ഷിപ്പുകാർ' എന്ന കൈപ്പുസ്തകം പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പ്രകാശനം ചെയ്തു. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു.




കൈപ്പുസ്തകത്തിന്റെ പ്രകാശനം

NO TO DRUGS

ഉപേക്ഷിക്കാം ലഹരിയെ

Date of Publication: 01.02.2023
KERMAL2014/58028 Price: 12.00
Reg.No. KL/TV(N)/660/2022-2024




Printed and Published by T.V. Subhash IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at Orange Printers Pvt Ltd. Thiruvananthapuram, Kerala
Published from Information Public Relations Department,
Govt.of Kerala, Government Secretariat, Thiruvananthapuram-695001
Editor: T.V. Subhash IAS